വോള്യം - 8 ലക്കം -147 ഫെബ്രുവരി 2026 മലയാളം - ഇംഗ്ലീഷ്

www.filca.in
8089036090
filcakerala@gmail.com
News portal: www. keralapedia.com

# ഫിലിംവിഷൻ

DIGITAL FILM MAGAZINE PUBLISHED BY FILCA FILM SOCIETY TRIVANDRUM

FILCA FILM SOCIETY IN ASSOCIATION WITH JOINT COUNCIL, KX PHARMA, HLL LIFE CARE, CHALACHITHRA ACADEMY, BEAM FILM SOCIETY, AFSO, KERALA PEDIA NEWS, KERALA VISUAL ENCYCLOPAEDIA AND OTHER ORGANISATIONS

## FEB.2026 film *fest*

## വിശ്വസാഹിത്യവും വിശ്വ സിനിമയും

ചലച്ചിത്രമേള പരമ്പര. ഭാഗം 8








PRIDE AND PREJUDICE
Author - Jane Austen
Director - Joe Wright

10.00 AM







WUTHERING HEIGHTS
Author - Emily Bronde
Director - William Wyler

02.00 PM







MADAME BOVARY
Author - Gustave Flaubert
Director - Sophie Barthes

05.00 PM

22 February
SUNDAY
Joint Council Hall
Near Press club
Trivandrum

February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII



February Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Part-VIII



February Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Part-VIII

# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE FEBRUARY 2026

INDEX

1. The Relevance of Documentary Films
-ഡോ. ബി.രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 12



2. റിയലിസം
– സാബു ശങ്കർ ( ഫിൽക്ക ) 14



3. വിശ്വപ്രസിദ്ധ സാഹിത്യകൃതികളെ* ആസ്പദമാക്കിയുള്ള ചലച്ചിത്രമേളയുടെ ഏഴാം ഭാഗം – ( പ്രതികരണം )
– ജോൺ തോമസ് ( ഫിൽക്ക ) 17



4. "അഹന്തയും മുൻവിധിയും"( Pride and Prejudice)
– ഡോ. പി. അജികുമാർ( ഫിൽക്ക) 21



5. ജയ്ൻ ഓസ്റ്റൻ ( പ്രൈഡ് ആൻഡ് പ്രെജുഡീസ് ).
– രാജാംബിക (വൈസ് പ്രസിഡന്റ് , ഫിൽക്ക ) 25



6. ജോ റൈറ്റ് എന്ന സംവിധായകൻ
– ജ്യോതിഷ് കുമാർ പി. എസ്. ( ഫിൽക്ക) 29



7. വുതറിംഗ് ഹൈറ്റ്സ്
– വിനോദ് കുമാർ. പി, (ഫിൽക്ക) 32



Website:www.filca.in Email:filcakerala@gmail.com

February Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Part-VIII

# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE FEBRUARY 2026

INDEX

7. എമിലി ബ്രോണ്ടി (1818 – 1848)
– ഷാജി. എ ( ഫിൽക്ക ) 36



8. വില്യം വയിലർ: ക്ലാസിക്കൽ ഹോളിവുഡ് ചലച്ചിത്രകലയുടെ ആചാര്യൻ – പ്രൊഫ. ബേബി പോൾ ( ഫിൽക്ക ) 41



9. മദാം ബോവറി
– ജോൺ തോമസ് ( ഫിൽക്ക ) 45



10. ഗുസ്താവ് ഫ്ളൂബേ:ആധുനിക റിയലിസ്റ്റിക് നോവലിന്റെ ശില്പി – ലീലാമ്മ തോമസ് (ഫിൽക്ക ) 48



11. സോഫി ബാർതേസ് : മാഡം ബോവറിയുടെ സംവിധായിക
– സുരേഷ്കുമാർ. സി ( ബീം ഫിലിം സൊസൈറ്റി ) 51



Website:www.filca.in Email:filcakerala@gmail.com



Innovating for Healthy Generations
HLL has traversed a long path, over the past five decades. From a modest condom manufacturer, HLL has emerged as one of India's foremost providers of quality & affordable healthcare products and services. From innovative Contraceptives to Hospital products, Diagnostic services to Retail Pharmacy, creating new-age infrastructure to Social development initiatives, we are doing all it takes to keep the generations healthy.
HLL Lifecare Limited
(A Government of India Enterprise)
www.lifecarehll.com
Contraceptives | Hospital Products | Nutraceuticals | Personal Care Products | Diagnostic Services | Retail Pharmacy | Projects & Services


KFC Kerala Financial Corporation
we finance your dream
FUNDING YOUR DREAMS
Kerala Financial Corporation Offers a diverse range of loan schemes, including CMEDP (Chief Minister's Entrepreneurship Development Programme), KFC Startup Kerala, Term loans, Working capital loans, and specialized schemes for sectors like Tourism, Agriculture, and Manufacturing.
Attractive interest rates starting from 5% facilitated by government subsidies and KFC rebates.
Offers collateral-free loans of up to 2 crores for eligible startups
Kerala Financial Corporation
Partnering with Kerala for Progress
APPLY NOW
Your business journey starts here
0471 2737500
www.kfc.org

February Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Part-VIII



കേരള സർക്കാർ

കേരള സംസ്ഥാന ഭാഗ്യക്കുറി

വിശ്വസ്തം ▪ സുതാര്യം ▪ ജനകീയം

സമ്മാനങ്ങൾ ഇനി ലക്ഷങ്ങളല്ല

കോടികൾ മാത്രം

സമ്മാനഘടനയിൽ അടിമുടി മാറ്റം വരുത്തി സംസ്ഥാന ഭാഗ്യക്കുറി

ദിവസവും കോടിപതികൾ
വർഷം 400+ കോടിപതികൾ

സമൃദ്ധി
ഭാഗ്യക്കുറി
SAMRUDHI LOTTERY
എല്ലാ ഞായറാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി

ഭാഗ്യതാര
ഭാഗ്യക്കുറി
BHAGYATHARA LOTTERY
എല്ലാ തിങ്കളാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി

സ്ത്രീശക്തി
ഭാഗ്യക്കുറി
STHREE SAKTHI LOTTERY
എല്ലാ ചൊവ്വാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി

ധനലക്ഷ്മി
ഭാഗ്യക്കുറി
DHANALEKSHMI LOTTERY
എല്ലാ ബുധനാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി

കാരുണ്യ പ്ലസ്
ഭാഗ്യക്കുറി
KARUNYA PLUS LOTTERY
എല്ലാ വ്യാഴാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി

സുവർണ്ണ കേരളം
ഭാഗ്യക്കുറി
SUVARNA KERALAM LOTTERY
എല്ലാ വെള്ളിയാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി

കാരുണ്യ
ഭാഗ്യക്കുറി
KARUNYA LOTTERY
എല്ലാ ശനിയാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി

ടിക്കറ്റ് വില ₹50

കൂടാതെ 5000, 2000, 1000, 500, 200, 100
രൂപയുടെ നിരവധി സമ്മാനങ്ങൾ

നറുക്കെടുപ്പ് എല്ലാ ദിവസവും ഉച്ചയ്ക്ക് 3 മണിക്ക്

For draw results: www.statelottery.kerala.gov.in

YOUTUBE

For watching the draw live

kslott

February Film Festival
# ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII






വിശ്വ സാഹിത്യവും വിശ്വ സിനിമയും
ചലച്ചിത്രമേള: പരമ്പര ഭാഗം - 8
22 ഫെബ്രുവരി 2026 (ഞായർ)
ജോയിന്റ് കൗൺസിൽ ഹാൾ
ഫിൽക്കാ ഫിലിം സൊസൈറ്റി 25-ാം വർഷം
25 സിനിമകൾ
ജോയിന്റ് കൗൺസിൽ, ബിം ഫിലിം സൊസൈറ്റി, ചലച്ചിത്ര അക്കാദമി, KX ഫാർമ, HLL ലൈഫ് കെയർ
കേരള പീഡിയ ഓൺലൈൻ ന്യൂസ് ചാനൽ
പ്രവേശനം സൗജന്യം
10:00 AM
പ്രൈഡ് ആൻഡ് പ്രെജുഡിസ്
നോവലിസ്റ്റ് – ജെയിൻ ഓസ്റ്റൻ
സംവിധായകൻ – ജോ റൈറ്റ്
2005 / യു.എസ്.എ, യു.കെ, ഫ്രാൻസ്/ 127 മിനിറ്റ്
PRIDE & PREJUDICE
2.00 PM
വുതറിങ് ഹൈറ്റ്സ്
നോവലിസ്റ്റ് – എമിലി ബ്രോണ്ടി
സംവിധായകൻ – വില്യം വയിലർ
1939 / യു.എസ്.എ / 103 മിനിറ്റ്
I am torn with Desire --tortured by hate!
SAMUEL GOLDWYN
WUTHERING HEIGHTS
MERLE OBERON - LAURENCE OLIVIER - DAVID NIVEN
5.00 PM
മാഡം ബോവറി
നോവലിസ്റ്റ് – ഗുസ്താവ് ഫ്ലൂബേ
സംവിധായക – സോഫി ബാർതസ്
2014 / ജർമ്മനി – യു. എസ്. എ – ബെൽജിയം / 118 മിനിറ്റ്
MADAME BOVARY
filcakerala@gmail.com
80 890 360 90
Film magazine @ www.filca.in

February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII

# The Relevance of Documentary Films



ഡോ. ബി. രാധാകൃഷ്ണൻ
( പ്രസിഡന്റ്,
ഫിൽക്ക ഫിലിം സൊസൈറ്റി )

Art and cinema have always been reflections of society, capturing the essence of time. The documentary cinema is also an art form which serves as a mirror to society, highlighting issues, sparking conversations, and inspiring change. It can challenge norms and stereotypes and provide a platform for marginalised voices. It also fosters empathy and understanding.

Art and cinema preserve history, documenting the human experience and cultural evolution. The documentary films can record events, movements, and eras. It offers a window into the past and influences future generations.

The documentary films work not only reflect their time but also transcend it, becoming timeless classics.

The documentary cinema as an art form has both sense and sensibility. It's a powerful medium for capturing reality. It has a delicate balance of creativity, aesthetics, and technical skill.

Classical documentaries are timeless! Nanook of the North (1922) - Robert Flaherty's groundbreaking work on Inuit life. Night and Fog (1955) - Alain Resnais' haunting Holocaust documentary film.

The history of documentary films is rich and fascinating! The period 1890-1920 is considered the early period of shorts, like the Lumière Brothers' strips. The Golden Age is 1920-1940, with films like Flaherty's Nanook of the North. The post-war period, 1940-1960, reflects social realism, propaganda films, and cinéma vérité. The new wave period is 1960-1980, with direct cinema, observational docs, and auteur-driven works. The modern era (1990s - present) experimented with diverse styles, global perspectives, and docu-series.

Documentary cinema is getting a global boost, with numerous international festivals showcasing impactful stories and connecting filmmakers with audiences worldwide. IDFA (International Docu-

mentary Film Festival Amsterdam) is the world's largest documentary film festival, held annually in Amsterdam, featuring a wide range of documentaries and industry events. Sheffield Doc/Fest is a leading documentary film festival in the UK, showcasing innovative storytelling and offering industry networking opportunities. DOC NYC is America's largest documentary film festival, held in New York City, providing a platform for filmmakers to connect and showcase their work. CPH:DOX (Copenhagen International Documentary Film Festival) is one of Scandinavia's largest documentary film festivals, featuring diverse documentaries and industry events. Hot Docs Canadian International Documentary Festival is North America's largest documentary festival, held in Toronto, offering pitch forums, networking, and funding opportunities.

These festivals promote documentary cinema internationally by providing a platform for filmmakers to showcase their work, offering networking opportunities with industry professionals, and hosting workshops, pitching sessions, and funding opportunities.

Some old and notable documentary films in India are Sikkim (1971) by Satyajit Ray, a documentary that showcases the beauty of Sikkim, but was banned by the Indian government for its perceived promotion of Sikkim. Faces After The Storm (1984) by Prakash Jha - A documentary on Mumbai street children, which received several awards. India Cabaret (1985) by Mira Nair - A documentary that explores the lives of female strippers in Mumbai. A Narmada Diary (1995) by Anand Patwardhan - A documentary that captures the struggles of people affected by the Narmada Dam project. These documentaries showcase the diversity and innovation of Indian documentary filmmaking, tackling topics such as social justice, politics, and environmental issues.

The documentary and short films of late Shaji. N. Karun (1 January 1952 - 28 April 2025) are Pranan (World Premiere at IDSFFK 2025), Wild Life of Kerala (1979), Kerala Carnival (1980), Kannikal (1986), Sham's Vision (1996), Bhavam (1998), G. Aravindan (2000), Big Man & Small World (2002), Yathrakkidayil (2004), Moving Focus - A Voyage with K G Subramanyan (2006), AKG (2007), Fine Balance (2010), Waiting (2011), Signature film - International Film Festival of India (2012), and Artist Namboodiri - Neruvara (2015).

Filca Film Society plans to organise a Shaji N. Karun Film Fest with documentary and short films in connection with the commemoration in April. ●

February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII

# റിയലിസം



**സാബു ശങ്കർ**
(നോവലിസ്റ്റ്, ഫിലിം റൈറ്റർ, സംവിധായകൻ)



ഒരു ജീവിയെപ്പോലെ സമൂഹവും വളരുന്നത് മൂലം സാമൂഹികമായ വികാസ പരിണാമങ്ങൾ സ്വാഭാവികമായി സംഭവിക്കുന്നു . ഈ ചരിത്രപരമായ സാമൂഹിക വികാസത്തിന് സഹായകരമായി തീരുന്ന തത്വചിന്തയും കലയും ശാസ്ത്രവും ചരിത്രത്തിൽ ഒരു നവീന ലോകം സൃഷ്ടിക്കുന്നു . സാംസ്കാരിക മാനവ ശാസ്ത്രത്തിന്റെ പരിണാമങ്ങൾക്ക് വഴിയൊരുക്കുന്ന സാമൂഹിക അവബോധവും സ്വാതന്ത്ര്യദാഹവും കലാരൂപത്തിന്റെ ജീവധാരയായി പ്രസരിക്കുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ പാശ്ചാത്യ സംസ്കൃതിയെ മാറ്റിമറിച്ച ഫ്രഞ്ച് വിപ്ലവവും (1789 -1799). ഹോളി റോമൻ സാമ്രാജ്യത്തിന്റെ തകർച്ചയും ( എ.ഡി.962 – എ.ഡി. 1806 ) പോപ്പിന്റെ ഭരണ നിയന്ത്രണ രാജ്യങ്ങളുടെ വിമോചനവും ആസ്ട്രോ – ഹംഗേറിയൻ – ജർമ്മൻ സാമ്രാജ്യത്തിലെ വിഘടനങ്ങളും റിപ്പബ്ലിക്കുകളുടെയും ലിബറൽ ഡെമോക്രസിയുടെയും ഉദയവും നമ്മെ ഓർമ്മിപ്പിക്കുന്നത് യുക്തിചിന്തയും മാനവികതയും സാമൂഹിക യാഥാർഥ്യത്തിൽ നിന്ന് ഉരുത്തിരിയുന്ന രാഷ്ട്രതന്ത്രബോധവും ഭാവനയും മനുഷ്യരാശിയെ പുരോഗതിയിലേക്കും പുതിയ സ്വാതന്ത്ര്യത്തിലേക്കും നയിക്കുന്നു എന്ന വസ്തുതയാണ് .

വ്യവസായവൽക്കരണവും ക്രയ വിക്രയങ്ങളുടെ വേഗവും ജനപ്പെരുപ്പവും ചൂഷണവും , നിഷേധിക്കപ്പെട്ട ജീവിതവികാസവും ഒരു പുതിയ തത്വശാസ്ത്രത്തിനും ജനകീയ മുന്നേറ്റത്തിനും ജീവോർജ്ജം നൽകി .

ഭൂപ്രഭുത്വവും മതയാഥാസ്ഥിതികത്വവും അധികാരം കയ്യാളിയിരുന്ന അവസ്ഥയിൽ തത്വചിന്തയും ശാസ്ത്രീയ അന്വേഷണങ്ങളും കണ്ടുപിടുത്തങ്ങളും പുതിയ സമീപനത്തിന്റെ , പുതിയ ലോകത്തിന്റെ കവാടങ്ങൾ തുറന്നു .

ശാസ്ത്രം ന്യൂട്ടോണിയൻ ബലതന്ത്രത്തിൽ നിന്ന് ഐൻസ്റ്റീനിന്റെ ഫോട്ടോൺ നിരീക്ഷണങ്ങളിലെത്തുന്ന ഘട്ടവും തത്വചിന്ത ഹെഗലിന്റെ (Georg Wilhem Friedrich Hegel ) ആശയവാദത്തിൽ നിന്നും വൈരുധ്യാത്മകതയിൽ നിന്നും ഫോയർ

February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII

ബാഹിന്റെ ( Feurebach ) ഭൗതിക വാദത്തിൽ നിന്നും മാർക്സിന്റെ (Karl Marx) വൈരുദ്ധ്യാത്മക ഭൗതിക വാദത്തിലെത്തുന്ന ഘട്ടവും ലോകചരിത്രത്തിൽ സുപ്രധാനമായ വഴിത്തിരിവ് സൃഷ്ടിച്ചു .

യൂറോപ്യൻ രാജ്യങ്ങളിൽ ആഞ്ഞടിച്ച അധികാര കൈമാറ്റങ്ങൾക്ക് പിന്നിലെ, പ്രത്യയ ശാസ്ത്രപരമായ ചിന്താധാര കാല്പനിക വിമോചന വാദങ്ങളിൽ നിന്നുള്ള വസ്തുനിഷ്ഠ സാമൂഹിക വിമോചനത്തിന് വഴിവെളിച്ചമായി .

റിയലിസം : യഥാതഥ വാദം ചിത്രകലയിൽ ഫ്രഞ്ച് ഇമ്പ്രെഷണ ലിസ്റ്റുകളായ മാനേ ( Edourd Manet ) , ഡഗ ( Edgar Degas), മോണേ ( Claude Monet ) തുടങ്ങിയവരുടെ രചനയിൽ ഈ മാറ്റം പ്രത്യക്ഷപ്പെട്ടു . സാഹിത്യത്തിൽ ജർമ്മൻ റിയലിസ്റ്റുകൾക്കൊപ്പം ഫ്രാൻസിൽ ബെൽസാക്കും ( Honore De Balzac ) , ഫ്ളാബെയും ( Gustave Flaubert ) ; റഷ്യയിൽ ടോൾസ്റ്റോയിയും ഡോസ്റ്റോവ്സ്കിയും ചെഖോവും ഇംഗ്ലണ്ടിൽ ഡിക്കൻസും നോർവേയിൽ ഇബ്സണും യാഥാർഥ്യത്തിന്റെ സൗന്ദര്യധാരയെ മനസിലുഴിഞ്ഞു .

ബെൽസാക്കിന്റെ കൃതികൾ യഥാതഥ വാദത്തിനുള്ള ഉത്തമ ദൃഷ്ടാന്തങ്ങളായി മാർക്സ് കരുതിയിരുന്നു. കാല്പനികതയിൽ നിന്നും ( ആശയവാദത്തിൽ നിന്നും) യാഥാർഥ്യത്തിലേക്കുള്ള (ഭൗതിക ബോധത്തിലേക്കുള്ള ) ഉജ്ജ്വലമായ അവബോധ വികാസ പരിണാമമായിരുന്നു , ഈ യഥാതഥ വീക്ഷണം ( Realism ) . 1854 -ൽ എഴുതിയ ലേഖനത്തിൽ റിയലിസ്റ്റ് സാഹിത്യകാരന്മാരായ ഡിക്കെൻസ് ( Charles Dickens ) താക്കറെ ( William Makepeace Thackeray ) , ബ്രോണ്ടി ( Emily Bronte ) , ഗാസ്കേൽ ( Elizabeth Gaskell ) എന്നിവർ രാഷ്ട്രീയ സാമൂഹിക സത്യങ്ങൾ ലോകത്തിന് വെളിപ്പെടുത്തുന്നതായി മാർക്സ് അഭിപ്രായപ്പെട്ടിരുന്നു .

പ്രപഞ്ചസത്തയുടെ, സാമൂഹിക സത്തയുടെ, സൗന്ദര്യശാസ്ത്രപരമായ ജ്ഞാന സമ്പാദനം കലയിലൂടെ ലഭിക്കുന്നതുകൊണ്ടാണ് റിയലിസത്തിന് മാർക്സ് പ്രാധാന്യം കൽപ്പിച്ചത് . 1959 – ൽ കലാത്മക സാഹിത്യത്തിലെ യഥാതഥ പ്രവണതയ്ക്ക് വേണ്ടി യഥാർത്ഥ ജീവിതത്തിന്റെ ബഹുമുഖവും അഗാധവുമായ പ്രതിഫലനത്തിനു വേണ്ടി മാർക്സും ഏംഗൽസും തങ്ങളുടെ കത്തുകളിലും ലേഖനങ്ങളിലും വാദിച്ചിരുന്നു .

റിയലിസം സംഗീതത്തിലും പരിവർത്തനം സൃഷ്ടിച്ചു . ചയ്ക്കോവ്സ്കിയും (റഷ്യ) ചോപ്പിനും ( പോളണ്ട് ) ദോർക്കും (ബൊഹീമിയ) ഗ്രീഗും (നോർവെ) ജീവിതത്തിന്റെ തുടിപ്പുകളുള്ള മുഹൂർത്തങ്ങൾ നിറഞ്ഞ നാടൻ അംശങ്ങളെ ഉൾക്കൊണ്ടു. ബീഥോവന്റെയും ബാക്കിന്റെയും മൊസാർട്ടിന്റെയും ഭാവാത്മക കാൽപ്പനിക ബിംബങ്ങൾ നിറഞ്ഞ വിക്ടോറിയൻ സിംഫണികളിൽ നിന്ന് വ്യത്യസ്തമായിരുന്നു ജീവിത സാഹചര്യത്തിലെ, അനുഭവതലത്തിലെ ബിംബങ്ങൾ നിറഞ്ഞ റിയലിസ്റ്റിക് സംഗീത ശിൽപ്പങ്ങൾ .



February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII



1856 – ൽ ഷാംപ്ഫ്ളൂറി (Champfleury) എന്ന ഫ്രഞ്ച് നിരൂപകന്റെ ‘ റിയലിസം ‘ എന്ന ലേഖന സമാഹാരത്തിലാണ് ഏതാണ്ട് 1826 മുതൽ പ്രചരിക്കുവാനും പ്രസക്തമാവാനും തുടങ്ങിയ റിയലിസം എന്ന സംജ്ഞ ആധികാരികമായത് .

വ്യക്തിഗതവും ഭാവനാത്മകവുമായ ആശയ ലോകത്തിൽ നിന്നും ഭൗതിക ലോകത്തിലേക്കുള്ള , ജീവിത അവസ്ഥയിലേക്കുള്ള , അന്വേഷണത്തിന്റെയും പ്രതികരണത്തിന്റെയും സർഗ്ഗദീപ്തിയായ റിയലിസ്റ്റിക് സങ്കേതം പത്തൊൻപതാം നൂറ്റാണ്ടിൽ ഗുസ്താവ് കോർബെ (Gustave Courbet ) ദൈനദിന ജീവിതതലത്തെ അടിസ്ഥാനമാക്കി രചിച്ച ചിത്രങ്ങളിൽ സുവ്യക്തമായി കഴിഞ്ഞിരുന്നു. ഗുസ്താവ് കോർബെയുടെ ’ ഓർണൻസിലെ ശവസംസ്കാരം ’ (1849 ) , ഴാൻ ഫ്രൻസ്വാ മിലെറ്റിന്റെ ’ കള പറിക്കുന്നവർ ’(1857), ദൂമിയറുടെ ’ മൂന്നാം ക്ളാസ് കമ്പാർട്മെന്റ് ’ ( 1865-70 ) , തുടങ്ങിയവ ചിത്രകലയിലെ റിയലിസത്തിന് ഉദാഹരണങ്ങളാണ് .

( സാബു ശങ്കർ രചിച്ച ’ സിനിമയുടെ സൗന്ദര്യശാസ്ത്രത്തിന് ഒരാമുഖം ’ എന്ന ഗ്രന്ഥത്തിൽ നിന്ന് . അവതാരിക : പി. ഗോവിന്ദപ്പിള്ള . ഒന്നാം പതിപ്പ് – 1987 – നവീനകേരള ചലച്ചിത്രവേദി , രണ്ടാം പതിപ്പ് – 2008 – എസ് .പി . സി . എസ് – നാഷണൽ ബുക്ക് സ്റ്റാൾ , മൂന്നാം പതിപ്പ് – 2018 – പ്രഭാത് ബുക്ക് ഹൌസ്.)



February Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Part-VIII

(പ്രതികരണം)

## വിശ്വപ്രസിദ്ധ സാഹിത്യകൃതികളെ ആസ്പദമാക്കിയുള്ള ചലച്ചിത്രമേളയുടെ ഏഴാം ഭാഗം



**ജോൺ തോമസ്**
(ഫിൽക്ക)

ഫിൽക്കാ ഫിലിം സൊസൈറ്റിയുടെ ഇരുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ച് 25 സാഹിത്യ കൃതികളെ ആസ്പദമാക്കി നടത്തിവരുന്ന ചലച്ചിത്രമേളയുടെ ഏഴാം ഭാഗമായി മൂന്ന് സിനിമകൾ ഉൾക്കൊള്ളുന്ന ചലച്ചിത്ര മേള ജനുവരി മാസം മുപ്പതാം തീയതി തിരുവനന്തപുരം ജോയിന്റ് കൗൺസിൽ എ.സി ആഡിറ്റോറിയത്തിൽ വച്ച് നടന്നു. വിക്റ്റർ ഫ്ളെമിംഗ് സംവിധാനം ചെയ്ത 'ഗോൺ വിത്ത് ദി വിൻഡ്'(1939), പുഡോവ്കിൻ സംവിധാനം ചെയ്ത 'മദർ' (1926), മാത്യു ഡെലാപോർട്ട് സംവിധാനം നിർവ്വഹിച്ച 'കൗണ്ട് ഓഫ് മോണ്ടി ക്രിസ്റ്റോ '(2024) എന്നിവയായിരുന്നു ഏഴാം ഭാഗമായി അവതരിപ്പിക്കപ്പെട്ട മേളയിൽ ഉൾപ്പെട്ട സിനിമകൾ.

എബ്രഹാം ലിങ്കന്റെ ഭരണകാലത്ത് അമേരിക്കൻ ഐക്യനാടുകളിൽ നടന്ന ആഭ്യന്തര യുദ്ധം പശ്ചാത്തലമാക്കി യുദ്ധത്തിന്റെ ഗതിവിഗതികൾ ഒരു യുവതിയുടെ ജീവിത ത്തിൽ വരുത്തുന്ന മാറ്റങ്ങൾ അവതരിപ്പിച്ചുകൊണ്ട് മാർഗററ്റ് മിച്ചൽ രചിച്ച ശ്രദ്ധേയമായ നോവലാണ് 'ഗോൺ വിത്ത് ദ് വിൻഡ്'. ഈ നോവലിനെ ആസ്പദമാക്കി 1939 ൽ പുറത്തിറങ്ങിയ അതേ പേരിലുള്ള സിനിമയായിരുന്നു മേളയിൽ ആദ്യമായി അവതരിപ്പിക്കപ്പെട്ടത്.

അമേരിക്കൻ കാർഷിക സമ്പദ് വ്യവസ്ഥയുടെ നിലനിൽപ്പ് കണക്കിലെടുത്ത് അടിമത്തത്തിൽ കഴിയുന്ന കറുത്ത വംശജർക്ക് സ്വാതന്ത്ര്യം നൽകരുതെന്ന് വാദിച്ച കോൺഫെഡറേറ്റ്സ് എന്നറിയപ്പെട്ട തെക്കൻ സംസ്ഥാനങ്ങളും അവരെ മോചിപ്പിക്കണമെന്ന് വാദിച്ച യൂണിയനിസ്റ്റുകൾ എന്ന് വിളിക്കപ്പെട്ട ഉത്തര സംസ്ഥാനങ്ങളും തമ്മിലായിരുന്നു പത്തൊൻപതാം നൂറ്റാണ്ടിൽ നടന്ന ആഭ്യന്തര യുദ്ധം.

ദക്ഷിണ സംസ്ഥാനമായ ജോർജിയയിലെ അറ്റ്ലാന്റയ്ക്ക് അടുത്തുള്ള ടാരാ എന്ന കൃഷിയിടത്തിന്റെ ഉടമയുടെ മകൾ സ്കാർലറ്റ് ഒ ഹാര എന്ന സുന്ദരിയും ബുദ്ധിമതിയും ഉൽകർഷേച്ഛുവുമായ പെൺകുട്ടിയാണ് നായികാകഥാപാത്രം. താൻ സ്നേഹിച്ച പുരുഷനെ ഭർത്താവായി ലഭിക്കില്ലെന്ന് മനസ്സിലാക്കിയ അവൾ പ്രതികാര ബുദ്ധിയോടെ അയാളുടെ ഭാര്യാ സഹോദരനെ





വിവാഹം കഴിക്കുന്നു. ദൗർഭാഗ്യകരമെന്ന് പറയട്ടെ, അവളുടെ ഭർത്താവ് യുദ്ധരംഗത്ത് രോഗബാധിതനായി മരിക്കുന്നു. ഒരു കുഞ്ഞി ന്റെ അമ്മയായ സ്കാർലെറ്റ് വിധവകൾ പാലിക്കേണ്ട അന്നത്തെ സാമൂഹിക മര്യാദകൾ പാലിക്കാതെ വിവാഹിതനായ പൂർവ്വ കാമുകനോടുള്ള അഭിനിവേശം മനസ്സിൽ സൂക്ഷിച്ചു. യാഥാർത്ഥ്യബോധത്തെക്കാൾ വൈകാരിക തയാൽ നയിക്കപ്പെട്ട അവൾ ആർഭാട ജീവിതം കൈപ്പിടിയിലൊതുക്കാൻ ശ്രമിച്ചു. ആഭ്യന്തര യുദ്ധം തകർത്തെറിഞ്ഞ തന്റെ സംസ്ഥാനത്ത് കായികാദ്ധ്വാനം ചെയ്തു ജീവിക്കുവാൻ അവൾ നിർബന്ധിതയാകുന്നു. അതിനിടയിൽ സാമ്പത്തിക ആവശ്യങ്ങളാൽ ബുദ്ധിമുട്ടുന്ന സ്കാർലെറ്റ് മുൻപു തന്നെ തന്നിൽ നോട്ടമിട്ടയാളും പല സ്ത്രീകളുമായി ബന്ധമുള്ളവനും ധനികനുമായ റൈറ്റിനെ സമീപിക്കുകയും അയാളെ വിവാഹം കഴിക്കുകയും ചെയ്യുന്നു. അതിൽ ഒരു കുഞ്ഞു പിറക്കുന്നു.യുദ്ധം മൂലം റൈറ്റ് താമസിക്കുന്ന അറ്റ്ലാന്റയിലെ ജീവിതം സ്കാർലെറ്റിന് ദുസ്സഹമായിത്തീരുന്നു. ഉറ്റവരാലും ഉടയവരാലും കൈവിടപ്പെട്ട സ്കാർലറ്റ് അവസാന അഭയമായി ടാരാ എന്ന തന്റെ കൃഷിയിടത്തേക്ക് മടങ്ങുന്നു.

ആഭ്യന്തര യുദ്ധം വ്യക്തികളിലും കുടുംബങ്ങളിലും വരുത്തി വയ്ക്കുന്ന വിന ഒരു വ്യക്തിയുടെ ജീവിതചിത്രീകരണത്തിലൂടെ അവതരിപ്പിക്കുന്നതോടൊപ്പം കാറ്റിന് ഒപ്പം പറന്നു നടന്ന് ജീവിതത്തിൽ പരാജയം വരിക്കുന്ന ഒരു കഥാപാത്രം തന്റെ തൃഷ്ണകളെല്ലാം ഒടുങ്ങി യാഥാർത്ഥ്യബോധം ഉൾക്കൊള്ളുന്നതായി കൂടി ചിത്രീകരിച്ചിരിക്കുന്നു.

വിവിയൻ ലേ, ലെസ്ലി ഹോവാർഡ്, ക്ളാർക്ക് ഗാബിൾ എന്നിവരാണ് നാലു മണിക്കൂറോളം ദൈർഘ്യമുള്ള ഈ സിനിമയിലെ മുഖ്യ കഥാപാത്രങ്ങളെ ആവതരിപ്പിച്ചിരിക്കുന്നത്.

മാക്സിം ഗോർക്കിയുടെ 'അമ്മ' എന്ന പ്രസിദ്ധ സോഷ്യലിസ്റ്റ് റിയലിസ്റ്റിക് നോവലിനെ ആസ്പദമാക്കി ചലച്ചിത്രകലയുടെ ആചാര്യന്മാരിൽ ഒരാളായ



പുഡോവ്കിൻ സംവിധാനം ചെയ്ത് 1926 ൽ പുറത്തിറങ്ങിയ അതേ പേരിലുള്ള നിശ്ശബ്ദ സിനിമയാണ് രണ്ടാമതായി അവതരിപ്പിക്കപ്പെട്ടത്.

മാനസികവും വൈകാരികവുമായ അവസ്ഥകളെ വരെ മൊാഷ് ടെക്നിക്കി



ലൂടെ ശക്തമായി അവതരിപ്പിച്ച സിനിമയാണിത്. വിപ്ലവത്തിനു മുമ്പുള്ള 1905 ലെ റഷ്യയാണ് പശ്ചാത്തലം. ഭരണാധികാരം ലക്ഷ്യമിട്ട് തൊഴിലാളിവർഗ്ഗം നടത്തുന്ന മുന്നേറ്റങ്ങളെ ചെറുക്കുന്ന സാർ ചക്രവർത്തിയുടെ പോലീസും പട്ടാളവും. തൊഴിലാളി ആയിരുന്നെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടു കാരണം മദ്യപനായിത്തീരുന്ന ഭർത്താവിന്റെ മരണത്തോടെ കുടുംബത്തിന്റെ ചുമതല ഏറ്റെടുക്കുന്ന ഭാര്യ പെലാജിയ എന്ന മധ്യവയസ്ക ആണ് നായിക.

ഒളിപ്പോരാളികൾ നൽകുന്ന തോക്ക് തങ്ങളുടെ മകൻ പാവേൽ വീട്ടിൽ ഒളിപ്പിച്ചു വെക്കുന്നത് കാണുന്ന അമ്മ തന്റെ പ്രവർത്തിയിലൂടെ മകനെ പോലീസുകാർ തുടർ നടപടികളിൽ നിന്നും ഒഴിവാക്കുമെന്ന പ്രതീക്ഷയിൽ കാര്യം പോലീസിന് റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ ഒന്നിലേറെ ചാർജുകളുടെ പേരിൽ പാവേലിനെ അറസ്റ്റ് ചെയ്ത് കാരാഗ്രഹത്തിൽ അടയ്ക്കുന്നു. ആ ജയിലിലെ പാവേൽ ഉൾപ്പെടെയുള്ള തടവുകാർ മെയ്ദിനത്തിൽ ജയിൽ ചാടാൻ തീരുമാനിക്കുന്നു.തണുത്തുറഞ്ഞു കിടന്ന നദി സാഹസികമായി നീന്തിക്കടക്കുന്ന പാവേൽ അമ്മയുമായി കണ്ടുമുട്ടുന്നു. തന്നെ അനുധാവനം ചെയ്തെത്തിയ പോലീസിന്റെ വെടിയേറ്റ് മരിക്കുകയും ചെയ്യുന്നു. മകന്റെ മരണം നേരിൽ കണ്ട പെലാജിയയിൽ ഉണ്ടാകുന്ന മന:പരിവർത്തനം അവരെ ഒരു വിപ്ലവകാരിയാക്കി മാറ്റുന്നു. സഖാക്കളോടൊപ്പം തെരുവിലൂടെ കൈയിൽ ചുവന്ന കൊടി യുമായി അടിവച്ച് മുന്നേറുന്ന അമ്മ തങ്ങൾക്ക് നേരെ വന്ന പട്ടാളത്തിന്റെ മുന്നേറ്റത്തിൽ ഞെരിഞ്ഞു മരിക്കുന്നു .സ്വയം ബലിയായിത്തീരുന്ന അമ്മയിലൂടെ ഒരു നാടാകെ പരിവർത്തനപ്പെടുന്നതായി ചിത്രീകരിച്ച് സിനിമ അവസാനിക്കുന്നു.

സെർജി ഐസൻസ്റ്റൈന്റെ 'ബാറ്റിൽഷിപ്പ് പൊട്ടംകിൻ'പോലെ ലോക സിനിമാ ചരിത്രത്തിലെ നാഴികക്കല്ലായി പരിഗണിക്കപ്പെടുന്നതാണ് പുഡോവ്കിൻ സംവിധാനം ചെയ്ത 'മദർ' എന്ന ക്ലാസ്സിക് ചിത്രം.




മേളയിലെ അവസാന സിനിമ, അലക്സാണ്ടർ ഡ്യൂമ രചിച്ച പ്രശസ്ത ഫ്രഞ്ച് നോവൽ 'കൗണ്ട് ഓഫ് മോണ്ടി ക്രിസ്റ്റോ' യെ അധികരിച്ച് മാത്യു ഡിലാപോർട്ട് സംവിധാനം ചെയ്ത 2024 ലെ അതേ പേരിലുള്ള സിനിമയാണ് .

നാടുകടത്തപ്പെട്ട നെപ്പോളിയൻ ചക്രവർത്തിക്കുള്ള ദൂതുമായി പോയ യുവതി സഞ്ചരിച്ച കപ്പൽ അപകടത്തിൽ പെട്ട

February Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Part-VIII

filca

പ്പോൾ ആ യുവതിയുടെ ഉദ്ദേശ്യം മനസ്സിലാക്കാതെ അവരെ രക്ഷപ്പെടുത്തിയ എഡ്മണ്ട് ഡാന്റസ് എന്ന യുവാവിന്റെ കഥ. രാജ്യദ്രോഹിയായി മുദ്രകുത്തപ്പെട്ട് തന്റെ വിവാഹ ദിവസം അയാൾ അറസ്റ്റിലായി തുറുങ്കിലടയ്ക്കപ്പെടുന്നു. അധികാരികളുടെ വഞ്ചനാപരമായ നടപടിയിലൂടെ 14 വർഷം നീണ്ട തടവുകാലത്ത് സഹതടവുകാരനി ൽ നിന്നും ഭാഷ, ശാസ്ത്രം, സംസ്കാരം എന്നിവയിൽ അറിവാർജ്ജിക്കുന്നു. അതോടൊപ്പം സമീപമുള്ള വിജനമായ മോണ്ടി ക്രിസ്റ്റോ ദ്വീപിൽ , കുരിശുയുദ്ധകാലത്ത്, ഒളിച്ചു വയ്ക്കപ്പെട്ട നിധിയെക്കുറിച്ചും സഹതടവുകാരനിൽ നിന്നും എഡ്മണ്ട് ഡാന്റസ് മനസ്സിലാക്കുന്നു.

തടവ് ചാടി കടലിൽ നീന്തി വിജനമായ മോണ്ടി ക്രിസ്റ്റോ ദ്വീപിലെത്തുന്നു. നിധി ശേഖരം കണ്ടെത്തുന്നു. ഫ്രാൻസിലെത്തുന്ന എഡ്മണ്ട് ഡാന്റസ് പുതിയൊരു മനുഷ്യനാണ്. മോണ്ടി ക്രിസ്റ്റോയിലെ പ്രഭു എന്നാണ് അറിയപ്പെട്ടത്. തന്റെ കുടുംബത്തിനും കാമുകിക്കും സംഭവിച്ച ദുര്യോഗങ്ങൾ എഡ്മണ്ട് ഡാന്റസ് മനസ്സിലാക്കുന്നു. കാമുകിയെ വിവാഹം ചെയ്തത് തന്നെ ചതിയിലാക്കിയ സംഘത്തിൽ പെട്ട ഉദ്യോഗസ്ഥൻ തന്നെ. തുടർന്ന് തന്റെ ജീവിതം നശിപ്പിച്ചവരെയും മറ്റുള്ളവരെ ചതിച്ചവരെയും ഒന്നൊന്നായി വകവരുത്തുന്നു. പ്രതികാരം ഉണ്ടെങ്കിലും എഡ്മണ്ട് ഡാന്റസ് മാനസികമായും ആത്മീയമായും ഉയർച്ച നേടിയ മനുഷ്യനാണ്. സാധാരണ മനുഷ്യരോടുള്ള അനുകമ്പയും കാരുണ്യവും സ്നേഹവും നീതി യും അയാളിൽ ശക്തമാണ്.

ശത്രുവിൽ നിന്നും കാമുകിയിലുണ്ടായ മകൻ പിതാവിനെ വധിച്ച എഡ്മണ്ട് ഡാന്റസിനെ എതിർക്കുന്നുവെങ്കിലും കാമുകിയുടെ അപേക്ഷ മാനിച്ച് അവനോട് ക്ഷമിച്ച്, വമ്പിച്ച ഭൗതിക സ്വത്തുക്കൾ ഉപേക്ഷിച്ച് ,ഫ്രാൻസ് വിട്ടുപോകുന്നു. ഒരു പായ്ക്കപ്പലിൽ സമുദ്രത്തിലൂടെ മറ്റൊരു ജീവിതം തേടി യാത്രയാരംഭിക്കുന്നു. കാമുകിക്ക് എഴുതുന്ന കത്തിൽ ജീവിതം തരുന്ന അറിവ് കാത്തിരിപ്പും പ്രതീക്ഷയും ആണെന്ന് എഡ്മണ്ട് ഡാന്റസ് പറയുന്നു.

സഹനം, സാഹസികത, ആദർശം, കാരുണ്യം എന്നിവ ഉൾക്കൊള്ളുന്ന മോണ്ടി ക്രിസ്റ്റോ യിലെ പ്രഭു എന്ന ബൃഹദ് നോവലിന്റെ ഹ്രസ്വരൂപം സ്കൂൾ ക്ലാസിൽ പലരും പഠിച്ചത് ഓർക്കുന്നുണ്ടാവും. മഹത്തായ ജീവിതപാഠം ഉൾക്കൊള്ളുന്ന വിശ്വസാഹിത്യകൃതിയുടെ പാരായണവും സിനിമയുടെ കാഴ്ചയും സമാന്തര അനുഭവമാണ് .




February Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Part-VIII

# 'അഹന്തയും മുൻവിധിയും'
## [ Pride and Prejudice ]



**ഡോ. പി. അജികുമാർ**
(ഫിൽക്ക)




ഇംഗ്ലീഷ് നോവൽ സാഹിത്യത്തിൽ ഇതിവൃത്തത്തിലും അവതരണത്തിലും സമൂലമായ മാറ്റങ്ങൾ ദർശിച്ച കാലഘട്ടമായിരുന്നു പത്തൊൻപതാം നൂറ്റാണ്ട്. വ്യവസായികവിപ്ലവ സ്വാധീനം, നഗരജീവിതം , ദാരിദ്ര്യം, സാമൂഹിക വിമർശനവുമെല്ലാം നോവലിന് വിഷയമായി. പ്രണയം, വിവാഹം, കുടുംബ ബന്ധങ്ങൾ, പൊള്ളയായ പൊങ്ങച്ചം, ആഡംബരം തുടങ്ങിയവയും വിശകലന വിധേയമാക്കി. സാമൂഹിക മര്യാദകളും സ്ത്രീകളുടെ മാനസിക തലങ്ങളും സൂക്ഷ്മമായി അവതരിപ്പിക്കപ്പെട്ടു. അത്തരത്തിൽ ശക്തമായ സ്ത്രീകഥാപാത്രങ്ങളെ സൃഷ്ടിച്ച പ്രശസ്ത എഴുത്തുകാരിയാണ് 'ജെയ്ൻ ഓസ്റ്റിൻ' .

എമ്മ, മാൻസ് ഫീൽഡ് പാർക്ക്, സെൻസ് ആൻഡ് സെൻസിബിലിറ്റി തുടങ്ങിയ കൃതികളിലൂടെ പ്രസിദ്ധി നേടിയ ഓസ്റ്റിന്റെ മാസ്റ്റർ പീസാണ് ' പ്രൈഡ് ആൻഡ് പ്രെജുഡീസ് '.

19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ ഇംഗ്ലീഷ് മദ്ധ്യവർഗ്ഗ ജീവിതത്തെ കൃതിയിൽ വിമർശനാത്മകമായി ചിത്രീകരിക്കുന്നു.

ജെയ്ൻ ഓസ്റ്റിന് 21 വയസ്സുള്ളപ്പോൾ എഴുതിയതാണ് ഈ നോവൽ . ഇരുപത് ദശലക്ഷത്തിലധികം കോപ്പികൾ വിറ്റഴിച്ച ഇംഗ്ലീഷ് സാഹിത്യത്തിലെ ഈ ജനപ്രിയ നോവൽ ഒരു നൂറ്റാണ്ടിലേറെയായി നാടകം, സിനിമ, ടീവി പരമ്പരകൾ മുഖേന പുനർജനിക്കുന്നു.

'ഫസ്റ്റ് ഇമ്പ്രഷൻസ്' എന്നാണ് ഇതിന് ആദ്യം പേരിട്ടത്. ചരിത്രപരമായ പശ്ചാത്തലമില്ലാത്തതിന്റെ പേരിൽ ഈ കൃതി ആദ്യം



February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII



വിമർശിക്കപ്പെട്ടു. ഓസ്റ്റിൻ ജീവിച്ചിരുന്ന അടച്ചിടപ്പെട്ട സാമൂഹിക ജീവിതത്തിന്റെ കൃത്യമായ ചിത്രീകരണം ശക്തമായ ആക്ഷേപഹാസ്യത്തിലൂടെ അവർ നിർവ്വഹിച്ചു.

പുരുഷ മേധാവിത്തം, സ്ത്രീകളുടെ വിദ്യാഭ്യാസമില്ലായ്മ , സാമ്പത്തിക പരാധീനത, സ്വയം പര്യാപ്തതയില്ലായ്മ, വിവാഹം പോലുള്ളവയ്ക്ക് സമൂഹം നൽകുന്ന അമിതപ്രാധാന്യം, ദുരഭിമാനം, പൊള്ളയായ അന്തസ്സ് തുടങ്ങിയ വിഷയങ്ങളെ ഈ നോവലിൽ നിരീക്ഷണ വിധേയമാക്കുന്നു.

സാമ്പത്തിക സുരക്ഷയും സാമൂഹിക നിലയും നേടാൻ സ്ത്രീകൾ വിവാഹത്തെ ആശ്രയിക്കേണ്ടി വരുന്നു എന്ന വിരോധാഭാസത്തെ നർമ്മത്തിലൂടെഎഴുത്തുകാരി വിമർശന വിധേയമാക്കുന്നു.

‘ വളരെയധികം സമ്പന്നനായ അവിവാഹിതനായ ഒരു പുരുഷൻ ഒരു ഭാര്യയെ ആഗ്രഹിക്കുന്നു എന്നത് സർവ്വത്ര അംഗീകരിക്കപ്പെട്ട സത്യമാണ് ‘ .

മിസ്റ്റർ ആൻഡ് മിസ്സിസ് ബെന്നറ്റും അവരുടെ അഞ്ച് പെൺമക്കളും( ജെയ്ൻ, എലിസബത്ത്, മേരി, കിറ്റി, ലിഡിയ) ഹെർട്ട് ഫോർഡ് ഷെയറിലെ എസ്റ്റേറ്റിലാണ് താമസം. മറ്റേതൊരു രക്ഷകർത്താക്കളെയും പോലെ തന്റെ മക്കൾക്ക് അനുയോജ്യരായ, സമ്പന്നരായ യുവാക്കളെ കണ്ടുപിടിച്ച് വിവാഹം നടത്തുക, അവരെ നല്ല നിലയിലാക്കുക എന്നതാണ് അവരുടെ ജീവിത ലക്ഷ്യം. അവിടെ അവിവാഹിതനും സമ്പന്നനുമായ ‘ ചാൾസ് ബിംഗ്ലി‘ അയൽക്കാരനായെത്തുന്നു.

ബിംഗ്ലിയെ മരുമകനായി കിട്ടാൻ ബെന്നറ്റ് അതിയായി ആഗ്രഹിക്കുന്നു. ഒരു വിരുന്നു സൽക്കാരത്തിനിടയിൽ സുന്ദരിയും ലജ്ജാശീലയുമായ തന്റെ മൂത്ത മകൾ ‘ ജെയിനി‘ൽ ബിംഗ്ലിക്ക് താൽപ്പര്യമുള്ളതായി ബെന്നറ്റ് അറിയുന്നു.

ഒരു ഡാൻസ് പാർട്ടിയിൽ ബിംഗ്ലിയുടെ സുഹൃത്ത് ഡാർസിയെ എലിസബത്ത് കണ്ടു മുട്ടുന്നു. കൂടെ ഡാൻസ് ചെയ്യുന്നതിന് കൂട്ടുകാർ നിർബന്ധിച്ചെങ്കിലും എലിസബത്തിന് വേണ്ടത്ര സൗന്ദര്യവും പ്രൗഢിയും പോരെന്ന് ആൾക്കൂട്ടത്തിൽ ഉറക്കെപ്പറഞ്ഞ് ഡാർസി പിൻമാറുന്നു. ഇത് എലിസബത്തിന് വലിയ മാനഹാനിയാകുന്നു.

യഥാർത്ഥത്തിൽ ഈ കൃതിയിലുടനീളം കാണുന്നത് പണക്കാരനെന്ന ഡാർസിയുടെ അഹന്തയും എന്തും സംശയദൃഷ്ട്യാ വിലയിരുത്തുന്ന എലിസബത്തിന്റെ മുൻവിധിയുമാണ്.

ബെന്നറ്റിന്റെ മക്കളിൽ ഒരാളെ വിവാഹം കഴിക്കാൻ താൽപ്പര്യപ്പെട്ട് ബന്ധുവായ കോളിൻസ് എത്തുന്നു. ശ്രീമതി ബെന്നറ്റ് അവനെ എലിസബത്തിന്റെ അടുക്കലേക്ക് നയിക്കുന്നു. പക്ഷേ അവന്റെ വിവാഹ വാഗ്ദാനം എലിസബത്ത് നിരസിക്കുന്നു. അവളുടെ കൂട്ടുകാരി ഷാർലറ്റുമായി കോളിൻസിന്റെ വിവാഹനിശ്ചയം നടക്കുന്നു.

February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII

ഇതിനിടെ എലിസബത്ത് സുന്ദരനായ 'വിഖാമി'നെ കുട്ടുന്നു. ഇരുവരും തമ്മിൽ ഒരാകർഷണം ഉണ്ടാകുന്നു. ബിംഗ്ലിയുടെ വീട്ടിൽ വിരുന്നിന് ജെയിനിനെ നല്ല ഉടയാടകളൊക്കെ അണിയിച്ച് സുന്ദരിയാക്കി ബെന്നറ്റ് വിടുന്നു.

മഴ കാരണം നനഞ്ഞ് ചെളി പറ്റിയ ഡ്രസ്സോടെ എത്തുന്ന ജെയിൻ ബിംഗ്ലിയുടെ വീട്ടുകാരുടെ കണ്ണിൽ പ്രൗഢി കുറഞ്ഞവളാകുന്നു. അസുഖബാധിതയാകുന്ന അവൾ കുറച്ച ദിവസം അവരോടാപ്പം ചെലവഴിക്കുന്നു. ബിംഗ്ലി പെട്ടെന്ന് ലണ്ടനിലേക്ക് പോകുന്നു.

ജെയിനുമായുള്ള ബിംഗ്ലിയുടെ ബന്ധത്തെ ഡാർസി എതിർക്കുന്നതായി എലിസബത്ത് അറിയുന്നു. ഇത് ഡാർസിയോടുള്ള അവളുടെ വെറുപ്പ് കൂട്ടുന്നു. എന്നാൽ ഡാർസിക്ക് അവളോട് ക്രമേണ ഇഷ്ടം കൂടുന്നു. ഷാർലറ്റിനെ സന്ദർശിക്കുന്നതിനിടയിൽ എലിസബത്ത് ഡാർസിയെ കാണുന്നു. ഡാർസിക്ക് അവളോട് സ്നേഹം തോന്നുകയും വിവാഹാഭ്യർത്ഥന നടത്തുകയും ചെയ്യുന്നു. ഡാർസിയുടെ പ്രേമം എലിസബത്ത് നിരസിക്കുന്നു.





ഡാർസി അതിനുള്ള കാരണം തിരക്കുന്നു. ബിംഗ്ലിയെയും ജെയിനിനെയും വേർപെടുത്താൻ ശ്രമിച്ചതിനും വിഖാമിന് പൗരോഹിത്യ പദവി നഷ്ടപ്പെടുത്തിയതിനും എലിസബത്ത് അവനെ കുറ്റപ്പെടുത്തുന്നു. തന്നെക്കുറിച്ചുള്ള തെറ്റിദ്ധാരണ തിരുത്താൻ ഡാർസി എലിസബത്തിന് കത്തെഴുതുന്നു. അതിൽ ജെയിൻ നൽകുന്ന ആത്മാർത്ഥ സ്നേഹം ധനികനായ ബിംഗ്ലിക്ക് തിരികെ നൽകുവാൻ കഴിയുമോ എന്ന് സംശയമുണ്ടായിരുന്നുവെന്നും, കുടില ബുദ്ധിക്കാരനായ വിഖാം എലിസബത്തിന്റെ 15 വയസ്സുകാരി ഇളയ സഹോദരിയെ വിവാഹം കഴിക്കാൻ ശ്രമിച്ചതായും വെളിപ്പെടുത്തുന്നു.

ഇതോടെ തന്റെ മുൻവിധികളെ മാറ്റി ഡാർസിയെ പുതിയ വെളിച്ചത്തിൽ കാണാൻ ശ്രമിക്കുന്നു.താമസിയാതെ ബെന്നറ്റിന്റെ ഇളയ മകൾ ലിഡിയ വിഖാമിനോടൊപ്പം ഒളിച്ചോടുന്നു. വിവാഹത്തിൽ കലാശിക്കാൻ സാധ്യതയില്ലാത്ത ഈ അപകീർത്തികരമായ ബന്ധം കുടുബത്തിന്റെ അന്തസ്സിനെ ബാധിക്കുമെന്നതിനാൽ ഈ വാർത്തയെ എലിസബത്ത് ആശങ്കയോടെ കാണുന്നു. ഇക്കാര്യം അറിയുന്നസമയത്ത് ഡാർസി വിഖാമിന് ആവശ്യപ്പെട്ട പണം വാഗ്ദാനം ചെയ്യുകയും ലിഡിയയെ വിവാഹം കഴി

February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII

ക്കാൻ പ്രേരിപ്പിക്കുകയും അതിൽ വിജയിക്കുകയും ചെയ്യുന്നു. തന്റെ ഇടപെടൽ രഹസ്യമായി സൂക്ഷിക്കാൻ ഡാർസി ശ്രമിച്ചിട്ടും ഇക്കാര്യം എലിസബത്ത് അറിയുന്നു. ഡാർസിയുടെ പ്രോത്സാഹനത്താൽ ബിംഗ്ലി തിരിച്ചെത്തുന്നു. ജെയിനുമായുള്ള വിവാഹ നിശ്ചയവും നടത്തുന്നു.

ഒടുവിൽ ഡാർസി വീണ്ടും എലിസബത്തിനോട് വിവാഹാഭ്യർത്ഥന നടത്തുന്നു. ഇത്തവണ ഡാർസിയോടുള്ള തന്റെ മുൻവിധിയും പെരുമാറ്റങ്ങളും ത്യജിച്ച് അവൾ മനസ്സമ്മതം നൽകുന്നു. അങ്ങനെ ഈ പ്രണയങ്ങളുടെ കഥ ശുഭപര്യവസായിയാകുന്നു.

' ഭാരതക്ഷമേ നിന്റെ പെൺമക്കളടുക്കളക്കാരികൾ
വീടാം കൂട്ടിൽ കുടുങ്ങും തത്തമ്മകൾ '
നരന്നു ഗർഭാധാന പാത്രങ്ങളാജന്മാന്ത
പരതന്ത്രകളബലകൾ'...

'കാതറിൻ മേയോ' എന്ന അമേരിക്കൻ ജേർണലിസ്റ്റ് ഇന്ത്യയിലെ സ്ത്രീകളുടെ ദുഃസ്ഥിതിയെക്കുറിച്ച് എഴുതിയതാണ് ' മദർ ഇന്ത്യ' . ഇതിന് മഹാകവി ഉള്ളൂർ രചിച്ച മറുപടിയാണ് ' ചിത്രശാല ' എന്ന ഖണ്ഡകാവ്യം.

ഏതുദേശത്തും ഇത്തരത്തിലുള്ള കൂട്ടിലെ തത്തമ്മകൾ എക്കാലത്തും ഉണ്ടായിരുന്നു. മനുഷ്യസ്വഭാവത്തെക്കുറിച്ചുള്ള സൂക്ഷ്മ നിരീക്ഷണം, സങ്കീർണ്ണമായ കഥാപാത്ര സൃഷ്ടി, ആക്ഷേപഹാസ്യം എന്നിവ ' ജെയ്ൻ ഓസ്റ്റ'ന്റെ പ്രത്യേകതകളാണ്. പത്തൊൻപതാം നൂറ്റാണ്ടിലെ സ്ത്രീകളുടെ ജീവിതവും അവരുടെ തിരഞ്ഞെടുപ്പുകളെ സ്വാധീനിച്ച സാമൂഹിക മാനദണ്ഡങ്ങളെയും കേന്ദ്രീകരിച്ചാണ് അവർ രചന നിർവ്വഹിച്ചത്.


നർമ്മബോധത്തിലൂന്നിയ സാമൂഹ്യ വിമർശനം, കാലാതീതമായ പ്രമേയങ്ങൾ, കുറിക്കു കൊള്ളുന്ന ആക്ഷേപഹാസ്യം എന്നിവ ജെയ്ൻഓസ്റ്റിന്റെ കൃതികളെ വ്യതിരിക്തമാക്കുന്നു.

കാലയവനികയ്ക്കുള്ളിൽ മറഞ്ഞു പോകാതെ ലോകാന്തര തലമുറകളിലൂടെ വായനക്കാരുടെ പ്രിയപ്പെട്ട എഴുത്തുകാരിയായി ജെയ്ൻ ഓസ്റ്റൻ നിലനിൽക്കുന്നു.



February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII

# ജയ്ൻ ഓസ്റ്റൻ ( പ്രൈഡ് ആൻഡ് പ്രെജുഡിസ് )



**രാജാംബിക**
( വൈസ് പ്രസിഡന്റ്, ഫിൽക്ക )




പതിനെട്ടാം നൂറ്റാണ്ടിലെ ഇംഗ്ലീഷ് സാഹിത്യത്തിൽ റിയലിസത്തിന്റെ തുടക്കക്കാരിൽ ഒരാളാണ് ജെയ്ൻഓസ്റ്റെൻ (ജനനം: 16 ഡിസംബർ 1775; മരണം: 18 ജൂലൈ 1817).'റിയലിസവും' അവരുടെ കൃതികളിലെ മൂർച്ചയേറിയ സാമൂഹ്യ വിമർശനവും സാഹിത്യ ചരിത്രത്തിൽ പ്രാധാന്യമുള്ള എഴുത്തുകാരിയെന്ന നിലയിലാണ് ജെയ്ൻഓസ്റ്റെൻ അറിയപ്പെടുന്നത് .

ഇംഗ്ലിലെ സാധാരണ ജനങ്ങൾക്കിടയിൽ പെട്ട ദൃഢബദ്ധമായൊരു കുടുംബ ത്തിലെ അംഗമായാണ് ഓസ്റ്റെൻ ജീവിതകാലമത്രയും കഴിച്ചത്. ഹാമ്പ്ഷയറിലെ സ്റ്റീവന്റൻ ഇടവകയിലെ പുരോഹിതനായിരുന്ന ജോർജ്ജ് ഓസ്റ്റെന്റെ മക്കളിൽ ഏഴാമത്തെ ആളായിരുന്നു ജയ്ൻ. സ്റ്റീവന്റണിലെ പള്ളിമേടയിൽ ജനിച്ച അവർ, 26-ാമത്തെ വയസ്സുവരെ അവിടെ ജീവിച്ചു.

പിതാവിൽ നിന്നും മൂത്ത സഹോദരന്മാരിൽ നിന്നും തന്റെ തന്നെ വായനകൾ വഴിയും ആയിരുന്നു അവരുടെ വിദ്യാഭ്യാസം. എഴുത്തുകാരിയെന്ന നിലയിലുള്ള അവരുടെ വളർച്ചയിൽ കുടുംബത്തിന്റെ അചഞ്ചലമായ പിന്തുണ നിർണ്ണായകമായി. വളരെ ചെറിയ പ്രായത്തിലേ എഴുതി തുടങ്ങിയ ജയ്ൻ, വീട്ടിലെ സ്വീകരണ മുറിയിലെ ഒരു ചെറിയ മേശമേൽ വച്ചാണ് എഴുതിയിരുന്നത്. കുടുംബത്തിലെ ഒച്ചപ്പാടുകൾക്കു നടുവിൽ. ഇടയ്ക്ക് സന്ദർശകരാരെങ്കിലും വരുമ്പോൾ എഴുതിക്കൊണ്ടിരുന്നതിനെ ആരുടെയും കണ്ണിൽപ്പെടാതിരിക്കാൻ കടലാസോ തുന്നൽ സാമഗ്രിയോ വച്ച് അവർ മറച്ചിരുന്നു.

1809-ൽ ജയ്നും സഹോദരിമാരും, കിഴക്കൻ ഹാമ്പ്ഷയറിലെ ചാട്ടണിൽ (Chawton) സഹോദരൻ എഡ്വേഡിന്റെ പുതിയ ഭവനത്തിലേയ്ക്കു താമസം മാറ്റി. ജയ്ൻ ഓസ്റ്റെൻ ജീവിതത്തിലെ അവസാനത്തെ 8 വർഷങ്ങൾ ചെലവഴിച്ചത് അവിടെയാണ് ഇന്ന് ആ വീട് ജയ്ൻ ഓസ്റ്റെൻ മ്യൂസിയമാണ്.

സഹോദരങ്ങളുടെ വീടുകളിലേയ്ക്കും സമീപത്തെ സ്നാനചികിത്സാകേന്ദ്രമായ ബാത്ത് നഗരത്തിലേയ്ക്കും ലണ്ടനിലേയ്ക്കുമുള്ള സന്ദർശനങ്ങൾ ഒഴിച്ചാൽ





പ്രശാന്തവും മാറ്റമില്ലാത്തതുമായ ഗ്രാമീണ ജീവിതമാണ് അവർ പിന്തുടർന്നിരുന്നത്. 1817 മേയ് മാസത്തിൽ ജയ്ൻ ചികിത്സയ്ക്കായി വിഞ്ചസ്റ്ററിലേയ്ക്കു പോയി. ജൂലൈ 18-ന് അവിടെ അവർ 41-മത്തെ വയസ്സിൽ അന്തരിച്ചു. അവിവാഹിതയായിരുന്നു.

കൗമാരം മുതൽ മുപ്പത്തിയഞ്ചു വയസ്സു വരെയുള്ള നാളുകൾ എഴുത്തിൽ ഓസ്റ്റെൻ പരിശീലനകാലമായിരുന്നു. എഴുതിത്തുടങ്ങി ഉപേക്ഷിച്ച കത്തുകളുടെ രൂപത്തിലുള്ള ഒരു നോവൽ അടക്കം പല സാഹിത്യരൂപങ്ങളും അവർ ഇക്കാലത്ത് പരീക്ഷിച്ചു. തന്റെ പ്രസിദ്ധീകൃതമായ ആറു നോവലുകളിൽ മൂന്നെണ്ണം ജയ്ൻ പൂർത്തിയാക്കിയത് ഇക്കാലത്താണ്.നാലാമതൊരെണ്ണം ആരംഭിക്കുകയും ചെയ്തു. ഈ നോവലുകൾ എഴുതി അവർ വായനക്കാർക്കുവേണ്ടി ക്ഷമാപൂർവ്വം കാത്തിരുന്നു. വനിതകൾ സാഹിത്യരംഗത്ത് അംഗീകരിക്കപ്പെടാത്ത ഒരുകാലം

1795 -ൽ ഇരുപതാമത്തെ വയസ്സിൽ Sense and Sensibility എന്ന നോവലിന്റെ ആദ്യരൂപം പൂർത്തിയായി.പക്ഷേ അതിൽ സംതൃപ്തി ലഭിക്കാതെ അവർ പിന്നീടത്തേക്ക് മാറ്റി വച്ചു. അടുത്ത രണ്ടു വർഷക്കാലം, 'പ്രൈഡ് ആൻഡ് പ്രെജുഡീസ്' എഴുതിയ ജയ്ൻ, അത് കുറേ തവണ തിരുത്തിയെഴുതി. ഒടുവിൽ പ്രസാധകന് അയച്ചു കൊടുത്ത കൈയെഴുത്തു പ്രതി തിരസ്കരിക്കപ്പെട്ടു. പതിനാറു വർഷത്തെ കാത്തിരുപ്പിനു ശേഷമാണ് ആ കൃതി പ്രസിദ്ധീകരിക്കപ്പെട്ടത്.

1798 - 99 കാലത്ത് പൂർത്തിയാക്കിയ നോർത്താങ്ങർ പള്ളി (Northanger Abbey), റിച്ചാർഡ് ക്രോസ്ബി എന്ന പ്രസാധകൻ വിലയ്ക്കു വാങ്ങിയെങ്കിലും പ്രസിദ്ധീകരിക്കാതെ സൂക്ഷിച്ചു. ( ജയ്നിന്റെ കുടുംബം പിന്നീട് ആ കൈയെഴുത്തുപ്രതി തിരികെ വാങ്ങി ).

വീട് മാറിയതും പ്രോത്സാഹിപ്പിക്കാൻ ആരുമില്ലാതെയും ഒന്നും ചെയ്യാൻ താല്പര്യം ഇല്ലാതെയും തള്ളിവിട്ട ഒരു നിഷ്ക്രിയ കാലത്തിനൊടുവിൽ, 1811 ഫെബ്രുവരിയിൽ അവർ മാൻസ്ഫീൽഡ് പാർക്ക് (Mansfield Park) എഴുതി തുടങ്ങി. അതേ വർഷം നവംബറിൽ, പരിഷ്കരിച്ചെഴുതിയ സെൻസ് ആൻഡ് സെൻസിബിലിറ്റി പ്രസിദ്ധീകരിക്കപ്പെട്ടു.




1813 മുതലുള്ള ജയ്നിന്റെ ജീവിതത്തിലെ അവസാനത്തെ അഞ്ചുവർഷങ്ങൾ കൊയ്ത്തുകാലം ആയിരുന്നു. ഓസ്റ്റെന്റെ ഏറ്റവും അറിയപ്പെടുന്ന കൃതിയായ പ്രൈഡ് ആൻഡ് പ്രെജുഡീസ് ആ വർഷം പ്രസിദ്ധീകരിക്കപ്പെട്ടു.

1814-ൽ മാൻസ്ഫീൽഡ് പാർക്കും, 1816-ൽ എമ്മാ-യും (Emma) വെളിച്ചം കണ്ടു. നോർത്താങ്ങർ പള്ളി, പെർസ്വേഷൻ (Persuasion) എന്നീ നോവലുകൾ 1818-ൽ മരണശേഷമാണ് പ്രസിദ്ധീകരിച്ചത്. സാൻഡിറ്റൻ (Sanditon) എന്നൊരു നോവൽ കൂടി തുടങ്ങിയെങ്കിലും അതു പൂർത്തിയാകുന്നതിനു മുൻപ് ആ വിരലുകളുടെ ചലനം നിലച്ചു. വിഞ്ചസ്റ്ററിലെ ഭദ്രാസനപ്പള്ളിയിലാണ് ജയ്ൻ ഓസ്റ്റെൻ അന്ത്യവിശ്രമം കൊള്ളുന്നത്.

ഓസ്റ്റെന്റെ രചനകൾ പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ പ്രചരിച്ചിരുന്ന വൈകാരിക നോവലുകളോടു പ്രതിഷേധിക്കുകയും പത്തൊൻപതാം നൂറ്റാണ്ടിലെ റിയലിസത്തിലേയ്ക്കുള്ള മാറ്റത്തിന്റെ ഭാഗമാവുകയും ചെയ്തു. അവരുടെ പ്രമേയങ്ങൾ അടിസ്ഥാനപരമായി ഹാസ്യസ്വഭാവമുള്ളവയായിരുന്നു.

അവരുടെ കഥകളിലെ സ്ത്രീകഥാപാത്രങ്ങൾ സാമൂഹത്തിൽ വിലമതിപ്പും സാമ്പത്തിക സുരക്ഷിതത്വവും കണ്ടെത്തിയത് വിവാഹത്തിലൂടെയാണ്. തന്റെ ആരാധനാപാത്രമായ സാമുവൽ ജോൺസന്റെ രചനകൾ ജയ്ൻ ഓസ്റ്റെനെ ഏറെ സ്വാധീനിച്ചിരുന്നു. ഓസ്റ്റെന്റെ കൃതികളിലും അതിലെ സാന്മാർഗ്ഗികത ഒരു മുഖ്യ പ്രമേയമായിരുന്നു.ഇംഗ്ലീഷ് ഗ്രാമജീവിതത്തിന്റെ ശാന്തിയും സൗഭാഗ്യങ്ങളും വിഡ്ഢിത്തങ്ങളും ആകാംക്ഷകളുമാണ് ജെയിൻ ഓസ്റ്റനെ ആകർഷിച്ചത്.




നഗരങ്ങളെ അവർ വെറുത്തു. ലണ്ടൻ സന്ദർശിച്ചിരുന്നെങ്കിലും അതിനെക്കുറിച്ച് അവർക്ക് നല്ലതൊന്നും പറയാനില്ലായിരുന്നു. വ്യവസായവിപ്ലവം വരുത്തിയ മാറ്റങ്ങൾ എത്തുന്നതിനു മുൻപുള്ള ഇംഗ്ലീഷ് ഗ്രാമജീവിതമാണ് അവർ ചിത്രീകരിച്ചത്.

രാഷ്ട്രീയത്തിൽ നിന്ന് ജയ്ൻ പൊതുവേ മുഖം തിരിച്ചു നിന്നു.യൂറോപ്പിനെ പിടിച്ചു കുലുക്കിയ ഫ്രെഞ്ചു വിപ്ലവത്തിന്റേയും നെപ്പോളിയന്റെ പടയോട്ടങ്ങളുടേയും കാലത്ത് ജീവിച്ച അവരുടെ കൃതികളിൽ ആ ചരിത്ര സംഭവങ്ങളെ പരാമർശിക്കുന്നേയില്ല.

സമകാലീന സമൂഹത്തിലെ യാഥാർത്ഥ്യങ്ങളുടെ മിഴിവുറ്റ മാതൃകകൾ അവർ അവതരിപ്പിക്കുന്നു. ഉദാഹരണമായി, 'പ്രൈഡ് ആൻഡ് പ്രെജുഡീസ് ' എന്ന കൃതിയിലെ നായികയുടെ ബന്ധുവായ യുവപുരോഹിതൻ മിസ്റ്റർ കോളിൻസ്, ഇംഗ്ലീഷ് പൗരോഹിത്യത്തിന്റെ കീഴ് വിഭാഗങ്ങളെ ബാധിച്ചിരുന്ന അധമമനോഭാവത്തിന്റേയും ദുരയുടേയും ദയാരഹിതമായ നേർചിത്രമാണ് . ജീവിതചക്രത്തിനിടയ്ക്ക് രചനകൾ ഓസ്റ്റെന് വളരെ കുറച്ച് പ്രശസ്തിയും

February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII

വിരലിലെണ്ണാവുന്ന അനുകൂല നിരൂപണങ്ങളും മാത്രമേ നേടിക്കൊടുത്തുള്ളു. പത്തൊൻപതാം നൂറ്റാണ്ടിന്റെ പകുതി വരെ അവരുടെ നോവലുകൾ ആസ്വദിച്ചിരുന്നത് സാഹിത്യലോകത്തിലെ ഉന്നതവർഗ്ഗം മാത്രമായിരുന്നു .

1869 -ൽ അവരുടെ അനന്തരവൻ എഴുതിയ 'ജയ്ൻ ഓസ്റ്റെനെ ഓർക്കുമ്പോൾ' എന്ന രചന അവരുടെ ആകർഷണീയമായ വ്യക്തിത്വത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുകയും രചനകളുടെ ജനസമ്മതി കൂട്ടുകയും ചെയ്തു.

1940 -കളോടെ ഇംഗ്ലീഷ് ഭാഷയിലെ ഒന്നാം കിട എഴുത്തുകാരിൽ ഒരാളായി അക്കാദമിക ലോകം അവരെ അംഗീകരിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ജയ്ൻ ഓസ്റ്റെന്റെ രചനകളുടെ പഠനങ്ങളും അന്വേഷണങ്ങളും ധാരാളമായി വർദ്ധിച്ചു .



അവരുടെ കൃതികളുടെ കലാപരവും പ്രത്യയ ശാസ്ത്രപരവും ചരിത്രപരവുമായ വീക്ഷണകോണുകളിൽ നിന്നുള്ള വിലയിരുത്തലുകൾ ആ പഠനങ്ങളുടെ ഭാഗമായി. ഇക്കാലത്ത്, ജയ്നിന്റെ ജീവിതത്തോടും കലയോടുമുള്ള ആരാധന, ജനകീയ സംസ്കൃതിയുടെ തന്നെ ഭാഗമായി വികസിച്ചു . അവരുടെ കൃതികൾ ആസ്പദമാക്കി ഒട്ടേറെ ചലച്ചിത്ര ആവിഷ്കാരങ്ങൾ പിറക്കുകയും ചെയ്തു .




February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII

# ജോ റൈറ്റ് എന്ന സംവിധായകൻ



പി. എസ്. ജ്യോതിഷ്കുമാർ
(ഫിൽക്ക)




പ്രൈഡ് & പ്രെജുഡിസ് (2005), അറ്റോൺമെന്റ് (2007), അന്ന കരീനിന (2012), സിറാനോ (2021), ആക്ഷൻ ത്രില്ലർ ഹന്ന (2011), പാൻ (2015), ഡാർക്കസ്റ്റ് അവർ (2017) എന്നിവ സംവിധാനം ചെയ്ത ബ്രിട്ടീഷ് ചലച്ചിത്ര സംവിധായകനാണ് 1972-ൽ ജനിച്ച ജോസഫ് റൈറ്റ് അഥവാ ജോ റൈറ്റ്.

ചിത്രകല ഉൾപ്പെടെയുള്ള കലകളിൽ അദ്ദേഹത്തിന് താൽപ്പര്യമുണ്ടായിരുന്നു. തന്റെ മാതാപിതാക്കളുടെ പാവ നാടക വേദിയായ, ഇസ്ലിംഗ്ടണിലെ ലിറ്റിൽ ഏഞ്ചൽ തിയേറ്ററിൽ ജോലി ചെയ്താണ് അദ്ദേഹം തന്റെ കരിയർ ആരംഭിച്ചത്.

ലണ്ടനിലെ സെന്റ് മാർട്ടിൻസ് ആർട്ട് സ്കൂളി ൽ ഒരു ചലച്ചിത്ര നിർമ്മാതാവായി പരിശീലനം നേടി. 1990-കളിൽ, കിംഗ്സ് ക്രോസിലെ കാലിഡോണിയൻ റോഡിൽ പ്രവർത്തിക്കുന്ന ഒരു മ്യൂസിക് വീഡിയോ പ്രൊഡക്ഷൻ കമ്പനിയായ ഓയിൽ ഫാക്ടറിയിൽ അദ്ദേഹം ജോലി ചെയ്തു. കാസ്റ്റിംഗ് ഡയറക്ടർ ഉൾപ്പെടെ നിരവധി വേഷങ്ങളിൽ അദ്ദേഹം വൈവിധ്യമാർന്ന പ്രൊഡക്ഷനുകളിൽ പ്രവർത്തിച്ചു.

തിമോത്തി സ്പാലിനൊപ്പം ബോഡിലിഹാം (2002) എന്ന സീരിയലും മികച്ച നാടക സീരിയലിനുള്ള ബാഫ്റ്റ അവാർഡ് നേടിയ റൂഫസ് സെവെല്ലിനൊപ്പം വളരെയധികം പ്രശംസ നേടിയ ‘ ചാൾസ് II: ദി പവർ ആൻഡ് ദി പാഷൻ ‘ (2003) എന്ന സീരിയലും പുറത്തിറക്കി.



February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII

കെയ്റ നൈറ്റ്‌ലിയും മാത്യു മക്ഫാഡിയനും അഭിനയിച്ച പ്രൈഡ് & പ്രെജുഡീസിന്റെ നിരൂപക പ്രശംസ നേടിയ പാഠഭേദത്തിലൂടെ 2005-ൽ ജോ റൈറ്റ് ഫീച്ചർ ഫിലിമുകളിലേക്ക് മാറി.

മികച്ച നടി ഉൾപ്പെടെ നാല് അക്കാദമി അവാർഡ് നോമിനേഷനുകളും ആറ് ബാഫ്റ്റ നോമിനേഷനുകളും നിരവധി അംഗീകാരങ്ങളും നോമിനേഷനുകളും അവാർഡുകളും ' പ്രൈഡ് ആൻഡ് പ്രെജുഡിസ് ' ന് ലഭിച്ചു. ഇയാൻ മക് ഇ വാന്റെ ബുക്കർ പ്രൈസ് -ഷോർട്ട്‌ലിസ്റ്റ് ചെയ്ത നോവലായ ' അറ്റോൺമെന്റ് '(2007) ന്റെ ചലച്ചിത്രാവിഷ്കാരമായിരുന്നു റൈറ്റിന്റെ അടുത്ത ഫീച്ചർ ചിത്രം. ഏഴ് അക്കാദമി അവാർഡ് നോമിനേഷനുകളും മികച്ച ഒറിജിനൽ സ്കോറിനുള്ള അവാർഡുകളും ഈ ചിത്രത്തിന് ലഭിച്ചു.

സ്കീസോഫ്രീനിയ ബാധിച്ച് ലോസ് ഏഞ്ചൽസിലെ ഡൗണിലെ തെരുവുകളിൽ വീടില്ലാതെ അവസാനിച്ച സംഗീത പ്രതിഭ, നഥാനിയേൽ അയേഴ്സിന്റെ യഥാർത്ഥ കഥയെക്കുറിച്ചുള്ള ' ദി സോളോയിസ്റ്റ് ' ആയിരുന്നു റൈറ്റിന്റെ അടുത്ത ചിത്രം.






സിഐഎയിലെ തെമ്മാടിയായ പിതാവിനാൽ ( എറിക് ബാന ) ഒരു കൊലയാളിയാകാൻ ജനനം മുതൽ പരിശീലനം നേടിയ 15 വയസ്സുള്ള ഒരു പെൺകുട്ടിയുടെ കഥയാണ് റൈറ്റ് സംവിധാനം ചെയ്ത, 2011-ലെ ആക്ഷൻ ത്രില്ലർ ചിത്രമായ 'ഹന്ന ' .

വിശ്വ പ്രസിദ്ധ റഷ്യൻ എഴുത്തുകാരനായ ലിയോ ടോൾസ്റ്റോയ് 1878-ൽ എഴുതിയ നോവലാണ് അന്ന കരേനിന. വിശ്വാസം, കുടുംബം, വിവാഹം, സാമ്രാജ്യത്വ റഷ്യൻ സമൂഹം, ആഗ്രഹം, ഗ്രാമീണ, നഗര ജീവിതം തമ്മിലുള്ള വ്യത്യാസങ്ങൾ, സ്ത്രീയുടെ അസ്തിത്വം , മൗലിക സ്വാതന്ത്ര്യം എന്നീ വിഷയങ്ങളാണ് ഈ നോവൽ കൈകാര്യം ചെയ്യുന്നത്. 2012-ലാണ് ലിയോ ടോൾസ്റ്റോയിയുടെ ക്ലാസിക് നോവലായ അന്ന കരെനീന ആസ്പദമാക്കിയുള്ള, സർ ടോം സ്റ്റോപ്പാർഡിൻറെ തിരക്കഥാരൂപം റൈറ്റ് സംവിധാനം ചെയ്തത്.

തുടർന്ന് വാർണർബ്രദേഴ്സിനു വേണ്ടി 2015 -ൽ പീറ്റർ പാനിന്റെ ' പ്രീക്വൽ' സംവിധാനം ചെയ്തു. 2017-ൽ പുറത്തിറങ്ങിയ 'ഡാർക്കസ്റ്റ് അവർ ' മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിലിൻറെ ജീവിതത്തിലെ ഒരു നിർണായക മാസത്തെയാണ് ചിത്രീകരിക്കുന്നത്.

ഇറ്റാലിയൻ സ്വേച്ഛാധിപതി ബെനിറ്റോ മുസ്സോളിനിയുടെ ഉദയത്തെ വിവരിക്കുന്ന അന്റോണിയോ സ്കുറാറ്റിയുടെ ഒരു ചരിത്ര നോവലായ ' എം: സൺ ഓഫ് ദി സെഞ്ച്വറി ' എന്ന ബെസ്റ്റ് സെല്ലർ നോവലിന്റെ എട്ട് ഭാഗങ്ങളുള്ള ഒരു പാഠഭേദം - ' മുസ്സോളിനി: സൺ ഓഫ് ദി സെഞ്ച്വറി ' - റൈറ്റ് സംവിധാനം ചെയ്ത് 2024 സെപ്റ്റംബർ 5-ന് 81-ാമത് വെനീസ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിച്ചു.

'Crocodile Snap ' (1997), " The End" (1998), "Coco Mademoiselle: Chanel" (2014), " Princess & Peppernose " (2021) എന്നിവയാണ് ജോ റൈറ്റ് സംവിധാനം ചെയ്ത ഷോർട്ട് ഫിലിമുകൾ.

'അറ്റോൺമെന്റ് ' ലൂടെ 2007-ൽ, വെനീസ് ചലച്ചിത്രമേളയിൽ ഒരു ചിത്രം പ്രദർശിപ്പിക്കുന്ന ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ സംവിധായകനായി അദ്ദേഹം മാറി. മികച്ച ചിത്രത്തിനുള്ള ഓസ്കാർ നാമനിർദ്ദേശം ചെയ്യപ്പെട്ട രണ്ട് ചിത്രങ്ങൾ അദ്ദേഹം സംവിധാനം ചെയ്തിട്ടുണ്ട്. അറ്റോൺമെന്റ് (2007), ഡാർക്കസ്റ്റ് അവർ (2017) എന്നിവയാണവ. പിരിമുറുക്കവും വികാരവും പ്രകടിപ്പിക്കുന്നതിനായി കഥാപാത്രങ്ങളുടെ കൈകളുടെ ഷോട്ടുകൾ, വ്യത്യസ്ത ടോണുകളുള്ള ക്രമീകരണങ്ങൾ, നിരവധി ഇവന്റുകൾ പ്രദർശിപ്പിക്കുന്ന വളരെ ദൈർഘ്യമേറിയതും സങ്കീർണ്ണവുമായ ട്രാക്കിംഗ് ഷോട്ടുകൾ എന്നിവയാണ് ജോ റൈറ്റിന്റെ ചലച്ചിത്രങ്ങളുടെ പ്രത്യേകതകൾ.

ചാൾസ് II: ദി പവർ ആൻഡ് ദി പാഷൻ, പ്രൈഡ് & പ്രിജുഡീസ്,അറ്റോൺമെന്റ് ,ഹന്ന എന്നിവയിലെല്ലാം നീണ്ട ട്രാക്കിംഗ് ട്രാക്കിംഗ് ഷോട്ടുകളുണ്ട്.യുകെയിലെ റേവ് രംഗത്തെ സൗന്ദര്യശാസ്ത്രവും വികാരങ്ങളും അദ്ദേഹത്തിന്റെ കൃതികളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. '10 Directors to Watch' ആയി 2006-ൽ അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.

അമേരിക്കൻ ഗായികയും ഗാനരചയിതാവുമായ നോറ ജോൺസിന്റെ അർദ്ധ സഹോദരൻ ആണ് ജോ റൈറ്റ്. വിശ്രുത സിത്താർ മാന്ത്രികൻ പണ്ഡിറ്റ് രവി ശങ്കറിന്റെ മകൾ അനൌഷ്ക ശങ്കർ ജോ റൈറ്റിന്റെ ഭാര്യ ആയിരുന്നു.



February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII

# വുതറിംഗ് ഹൈറ്റ്സ്



**വിനോദ് കുമാർ. പി,**
(ഫിൽക്ക)



William Wyler

എമിലി ബ്രോണ്ടിയുടെ വിഖ്യാതവും ഹൃദയസ്പർശിയുമായ നോവലിന്റെ മൂലകഥയെ ആസ്പദമാക്കി 1939-ൽ വില്യം വെയ്ലർ അതേ പേരിൽ തന്നെ സംവിധാനം ചെയ്ത ചിത്രമാണ് വുതറിംഗ് ഹൈറ്റ്സ്.

ഒരു രാത്രിയിലെ കടുത്ത മഞ്ഞുവീഴ്ചയെ തുടർന്ന് ലോകാവുഡ്സ് എന്ന സഞ്ചാരി വഴി തെറ്റി ഹീത്ക്ലിഫിന്റെ വുതെറിംഗ് ഹൈറ്റ്സ് എന്ന വീട്ടിൽ അഭയം തേടുന്നു. പരുക്കനായ ഹീത്ക്ലിഫിന്റെ പെരുമാറ്റം ഇഷ്ടമായിലെങ്കിലും മറ്റു മാർഗ്ഗമില്ലാതെ അയാൾ അവിടെ താമസിക്കാൻ തീരുമാനിക്കുന്നു.

ആ രാത്രി വൈകി, ലോകാവുഡ്സ് ഉറങ്ങുന്ന മുറിയിലെ ജാലകത്തിന് പുറത്ത് ഒരു സ്ത്രീ ശബ്ദം കേൾക്കുന്നു, 'ഹീത്ക്ലിഫ്, എന്നെ അകത്തേക്ക് വിടൂ! ഞാൻ ചതുപ്പിൽ വഴിതെറ്റിപ്പോയി.ഞാൻ കാത്തിയാണ്!' ഭയന്നുപോയ ലോകാവുഡ്സ് ഹീത്ക്ലിഫിനെ വിളിച്ച് കാര്യം പറയുന്നു. തുടർന്ന് കോപാകുലനായ ഹീത്ക്ലിഫ് ലോകാവുഡിനെ മുറിയിൽ നിന്ന് പുറത്താക്കിയ ശേഷം ഭ്രാന്തമായി കാത്തി എന്ന് വിളിച്ച് വീടിന് വെളിയിലേക്കിറങ്ങി മഞ്ഞു വീഴ്ചയിലേക്ക് ഓടുന്നു.

ഇത് കണ്ട് അമ്പരന്നുപോയ ലോകാവുഡ് കാര്യസ്ഥയായ എല്ലെനോട് കാത്തി എന്ന സ്ത്രീയെകുറിച്ച് അന്വേഷിക്കുന്നു. വർഷങ്ങൾക്ക് മുമ്പ് മരണപ്പെട്ട ഹീത്ക്ലിഫിന്റെ പ്രണയിനിയാണ് കാത്തി ഏൺഷാ എന്ന് എല്ലെൻ പറയുന്നു. അവിശ്വാസം തോന്നിയ ലോകാവുഡിനോട് എല്ലൻ അവരുടെ കഥ പറയുന്നു.

ഏറെ നാളിനു ശേഷം ലിവർപൂളിലെ ജോലി സ്ഥലത്തു നിന്നും വീട്ടിലേക്ക് മടങ്ങിയെത്തിയ ഏൺഷായുടെ കൂടെ അയാൾ തെരുവിൽ നിന്നും കണ്ടെടുത്ത ഹീത്ക്ലിഫ് എന്ന ബാലനുമുണ്ടായിരുന്നു. അമ്മയില്ലാത്ത തന്റെ രണ്ട് മക്കളായ



February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII



കാത്തിയ്ക്കും ഹിൻഡ്‌ലിയുമൊപ്പം താമസിക്കാൻ കൊണ്ടുവന്നതായിരുന്നു അവനെ. കാത്തി ഹീത്ക്ലിഫുമായി പെട്ടെന്ന് അടുത്തുവെങ്കിൽ ഹിൻഡ്‌ലി അവനോട് വെറുപ്പോടെ പെരുമാറി. ഏൺഷായുടെ മരണശേഷം ഹിൻഡ്‌ലി ആ വീടിന്റെ അധിപനാകുകയും ഹീത്ക്ലിഫിനെ വെറുമൊരു തൊഴിലാളി യായി തരംതാഴ്ത്തുകയും ചെയ്തു.

മുതിർന്നപ്പോൾ ഹീത്ക്ലിഫും കാത്തിയും പ്രണയത്തിലാവുകയും പെനിസ്റ്റോൺ ക്രാഗ്സിൽ വച്ച് ഇടയ്ക്കിടെ രഹസ്യമായി കണ്ടുമുട്ടുകയും ചെയ്യുന്നു. കാത്തിയോടും സേവകരോടും ഹിൻഡ്‌ലി സ്വേച്ഛാ ംദുർമാർഗ്ഗിയായി മാറുകയും ചെയ്യുന്നു.

ഒരു രാത്രി കാത്തിയും ഹീത്ക്ലിഫും, അയൽക്കാരായ ലിന്റൺ കുടുംബം നടത്തുന്ന സംഗീത പരിപാടി അവരുടെ വീടിന് പുറത്തു നിന്നും രഹസ്യമായി ആസ്വദിക്കുന്നതിനിടെ നായ്ക്കൾ ആക്രമിക്കുന്നു. ഗുരുതരമായ പരിക്കേൽക്കുന്ന കാത്തിയെ അവരുടെ സംരക്ഷണയിൽ വിടാൻ ഹീത്ത്ക്ലിഫ് നിർബന്ധിതനാകുന്നു. കോപാകുലനായ അയാൾ അവളുടെ മുറിവിന് ആ കുടുംബത്തെ കുറ്റപ്പെടുത്തുകയും എല്ലാവരെയും ശപിക്കുകയും ചെയ്യുന്നു.

സമ്പന്നരും പ്രതാപശാലികളുമായ ലിന്റൺ കുടുംബത്തോടൊപ്പം മാസങ്ങളോളം താമസിച്ച കാത്തി പൂർണ്ണമായും സുഖം പ്രാപിക്കുകയും വീട്ടിലേക്ക് മടങ്ങിയെത്തുക ചെയ്യുന്നു. തുടർന്ന് കാത്തിയുടെ വീട്ടിലെത്തിയ എഡ്ഗർ ലിന്റൺ അവളോട് വിവാഹാഭ്യർത്ഥന നടത്തുന്നു.

തുടർന്ന് എഡ്ഗറിനെ വിവാഹം ചെയ്യാൻ ഇഷ്ടമാണെന്ന് എല്ലെനോട് കാത്തി പറയുന്നു. ഹീത്ക്ലിഫിനെക്കുറിച്ച് എല്ലെൻ അവളെ ഓർമ്മിപ്പിക്കുമ്പോൾ അവനെ വിവാഹം കഴിക്കുന്നത് അവളെ അപമാനിക്കുന്നതിന് തുല്യമെന്ന് കാത്തി പറയുന്നു. ഈ സംഭാഷണം കേട്ട ഹീത്ക്ലിഫ് വിഷമത്തോടെ അവിടെ നിന്നും പോകുന്നു. ഇത് മനസ്സിലാക്കിയ കാത്തി അവന്റെ പിന്നാലെ ചതുപ്പുകളിലേക്ക് ഓടുന്നുവെങ്കിലും അയാളെ കണ്ടെത്താൻ സാധിക്കുന്നില്ല; എന്ന് മാത്രമല്ല ശക്തമായ കൊടുങ്കാറ്റിൽ അവൾ വീഴുകയും ചെയ്യുന്നു. അസുഖം ബാധിച്ച കാത്തിയെ എഡ്ഗറും കുടുംബ



വും ആരോഗ്യത്തിലേക്ക് തിരികെ കൊണ്ടുവരുന്നു. ഹീത്ക്ലിഫ് ആ നാട്ടിൽ നിന്നും അപ്രത്യക്ഷമായെന്ന് കാത്തി മനസിലാക്കുന്നു. തുടർന്ന് കാത്തിയും എഡ്ഗറും വിവാഹിതരാവുന്നു. വർഷങ്ങൾക്ക് ശേഷം ഹീത്ക്ലിഫ് സമ്പന്നനും ആകർഷക വ്യക്തി ത്വവുമുള്ളയാളായി നാട്ടിൽ മടങ്ങിയെത്തുന്നു. ചൂതാട്ടവും അമിതമായ മദ്യപാനവും കാരണം സാമ്പത്തികമായി തകർന്നടിഞ്ഞ ഹിൻഡ്‌ലിയുടെ പക്കൽ

നിന്നും ഹീത് ക്ലിഫ് രഹസ്യമായി വുതറിംഗ് ഹൈറ്റ്സ് വാങ്ങുന്നു. എങ്കിലും ഹിൻഡ് ലിയെ അവിടെ താമസിക്കാൻ അനുവദിക്കുന്നു.

ഹീത്ക്ലിഫ് കാത്തിയെ സമീപിക്കുന്നുവെങ്കിലും അവൾ അവനോടുള്ള സ്നേഹം നിഷേധിക്കുന്നു. തുടർന്ന് കാത്തിയെ വകവയ്ക്കാതെ, ഹീത്ക്ലിഫ് എഡ്ഗറിന്റെ നിഷ്കളങ്കയായ സഹോദരി ഇസബെല്ലയെ പ്രണയിക്കാൻ തുടങ്ങുന്നു. ഇതിനെ ശക്തമായി കാത്തി എതിർക്കുന്നു. കാത്തി ഇസബെല്ലയെ ഉപദേശിക്കാൻ ശ്രമിക്കുന്നുവെങ്കിലും പരാജയപ്പെടുന്നു. ഒടുവിൽ ഹീത് ക്ലിഫ് ഇസബെല്ലയെ വിവാഹം കഴിക്കുന്നു. ഹൃദയം തകർന്ന കാത്തി അധികം താമസിയാതെ ഗുരുതരമായ രോഗാവസ്ഥയിലാകുന്നു.



ഇപ്പോൾ നിരാശയും കയ്പും നിറഞ്ഞ ഇസബെല്ലയുടെ ആഗ്രഹങ്ങൾക്ക് വിരുദ്ധമായി ഹീത്ക്ലിഫ് മരണാസന്നയായി കിടക്കുന്ന കാത്തിയുടെ അരികിലേക്ക് ഓടുന്നു. കാത്തി ഒടുവിൽ ഹീത്ക്ലിഫിനോട് താൻ അവനെ മാത്രമേ സ്നേഹിക്കുന്നുള്ളൂ എന്ന് പറയുന്നു. അവർ പരസ്പരം ക്ഷമിച്ചുകൊണ്ട് ആലിംഗനം ചെയ്യുന്നു. അവളുടെ ആഗ്രഹം പ്രകാരം ഹീത്ക്ലിഫ് കാത്തിയെ ജനാലയുടെ അരികിലേക്ക് എടുത്തുകൊണ്ടു പോകുന്നു. അവർ മുമ്പ് സന്ധി



ക്കാറുള്ള അകലെയുള്ള പെനിസ്റ്റോൺ ക്രാഗ്സ് കാണുന്നു. അധികം താമസിയാതെ കാത്തി ഈ ലോകത്തോട് വിട പറയുന്നു. എല്ലെൻ ഈ കഥ പൂർത്തിയാക്കുമ്പോഴേക്കും ഡോ.കെന്നത്ത് എത്തുന്നു. ഇവിടെ നിന്നും ഓടിപോയ ഹീത്ക്ലിഫിനെ നദീതീരത്ത് ഒരു സ്ത്രീയോടൊപ്പം കണ്ടുവെന്നും എന്നാൽ ശേഷം മഞ്ഞുമലയിൽ ഹീത്ക്ലിഫിന്റെ മാത്രം മൃതദേഹം കണ്ടുവെന്നും എല്ലെനോടും ലോക്ക്വുഡിനോടും അയാൾ പറയുന്നു.

പെനിസ്റ്റോൺ ക്രാഗ്സിൽ ഒരുമിച്ച് നടന്നു നീങ്ങുന്ന ഹീത്ക്ലിഫിനെയും കാത്തിയെയും ഭാവനയിൽ കാണുന്ന എല്ലെനിലൂടെ സിനിമ അവസാനിക്കുന്നു.1847 - ൽ പ്രസിദ്ധീകരിച്ച എമിലിയുടെ ഒരേയൊരു നോവലായ വുതറിംഗ് ഹൈറ്റ്സിന് ഒരു പഠനത്തിന്റെയോ ഗവേഷണത്തിന്റെയോ ചർച്ചയുടെയോ ആവശ്യമില്ല; പകരം വായിച്ചാസ്വദിക്കേണ്ട അസാധാരണമായ കൃതിയാണിത്. മറ്റ് ബ്രോണ്ടിസഹോദരിമാരിൽ



February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII

നിന്നും എമിലിയെ വ്യത്യസ്തമാക്കുന്നത് അവരുടെ അപാരമായ ഭാവനയാണ്. പ്രകൃതിയുടെ ഭാവങ്ങളെ എത്ര തീഷ്ണതയോടെയാണ് വായനകാരന്റെ ഹൃദയം തുളച്ചു കയറുന്ന രീതിയിൽ എഴുതിചേർത്തിരിക്കുന്നത്. പ്രണയത്തിന്റെ ആഹ്ളാദവും വേദനയും വേർപ്പാടും അതിന്റെ ശക്തിയുമെല്ലാം ആവാഹിച്ച് എമിലി വായനയെ ഒരനുഭൂതിയാക്കി തീർത്തിരിക്കുന്നു.

1939 - ലെ മികച്ച ചിത്രത്തിനുള്ള ന്യൂയോർക്ക് ഫിലിം ക്രിട്ടിക്സ് അവാർഡ് ഈ ചിത്രം നേടി. കാത്തി എന്ന കഥാപാത്രത്തെ അവതരിപ്പിച്ച മെർലി ഒബറോണിന്റെ പ്രകടനം ശ്രദ്ധേയമാണ്. ചിത്രത്തിന്റെ സംഗീത വിഭാഗവും മികവ് പുലർത്തി.കാലിഫോർണിയയിലെ തൗസൻഡ് ഓക്സിലാണ് ഔട്ട്ഡോർ രംഗങ്ങൾ ചിത്രീകരിച്ചത്. മറ്റു രംഗങ്ങൾ വൈൽഡ്‌വുഡ് റീജിയണൽ പാർക്കിലും ഇപ്പോഴത്തെ ലൂഥറൻ യൂണിവേഴ്സിറ്റിയിലുമാണ് ചിത്രീകരിച്ചത്. മികച്ച ഛായാഗ്രാഹകനുള്ള 1940-ലെ അക്കാദമി അവാർഡ്, ബ്ലാക്ക് ആൻഡ് വൈറ്റ് വിഭാഗത്തിൽ, ഗ്രെഗ് ടോലൻഡിന് ലഭിച്ചു.



2007-ൽ ലൈബ്രറി ഓഫ് കോൺഗ്രസ്, 'സാംസ്കാരികമായും, ചരിത്രപരമായും, അല്ലെങ്കിൽ സൗന്ദര്യാത്മകമായും പ്രാധാന്യമുള്ളത്' എന്ന നിലയിൽ യുണൈറ്റഡ് സ്റ്റേറ്റ്സ് നാഷണൽ ഫിലിം രജിസ്ട്രിയിൽ സംരക്ഷണത്തിനായി വുത്തറിംഗ് ഹൈറ്റ്സിനെ തിരഞ്ഞെടുത്തു.

വിശ്വസാഹിത്യത്തിലെ ഏറ്റവും ഉജ്ജ്വലമായ ആദ്യ പത്ത് നോവലുകളുടെ കൂട്ടത്തിൽ തീർച്ചയായും വുതറിംഗ് ഹൈറ്റ്സ് ഉണ്ടാകും.




February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII

# എമിലി ബ്രോണ്ടി (1818-1848)



ഷാജി. എ
( ഫിൽക്ക)



'ഇരുണ്ട പ്രണയകഥ' പറഞ്ഞ് ലോകം കീഴടക്കിയ എഴുത്തുകാരി. ബ്രോണ്ടി സഹോദരിമാരിൽ രണ്ടാമത്തെ ആളായ എമിലി ബ്രോണ്ടി (Emily Jane Bronte)1818 ജൂലൈ 30ന് ഇംഗ്ലണ്ടിലെ യോർക്ക് ഷെയറിലുള്ള തോോൺടണിലാണ് ജനിച്ചത്.

എമിലിയുടെ ചരിത്രമെഴുതാൻ ശ്രമിക്കുമ്പോൾ ശ്രദ്ധ ബ്രോണ്ടി കുടുംബചിത്രത്തിലേയ്ക്ക് ചെന്നുനിൽക്കുന്നു. പ്രസിദ്ധമായ ബ്രോണ്ടി കുടുംബത്തിലെ ഇഴപിരിക്കാനാകാത്ത അംഗങ്ങളിൽ ഒരാളാണ് എമിലി.

ബ്രോണ്ടി കുടുംബം- ഷാർലറ്റ്, എമിലി, ആൻ എന്നീ സഹോദരിമാരും ബ്രാൻവെൽ ബ്രോണ്ടി എന്ന സഹോദരനും. ഒരു കുടുംബം മുഴുവൻ എഴുത്തുകാരായതിന്റെ കഥയാണിത്. ദുരന്തങ്ങൾ വേട്ടയാടുമ്പോഴും എഴുത്തിൽ അഭയം തേടുകയും ആൺ പേരുകളിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് അപ്രശസ്തരായി മരിക്കുകയും പിൽക്കാലത്ത് മഹത്വത്തിലേയ്ക്ക് വീണ്ടെടുക്കുകയും ചെയ്ത മൂന്ന് സഹോദരിമാരുടെ കഥ.

അയർലണ്ടിലെ ഒരു പാവപ്പെട്ട കർഷകത്തൊഴിലാളി കുടുംബത്തിൽ ജനിച്ച്, ക്രേം ബ്രിഡ്ജിൽ പഠിക്കാൻ ഭാഗ്യം ഉണ്ടാ യതിന് ശേഷം, പുരോഹിതനായി മാറി യ പാട്രിക് ബ്രോണ്ടിയുടേയും (1777-1861), മറിയ ബ്രോണ്ടിയുടെയും(1783-1821) മക്കളായിരുന്നു അവർ.

പാട്രിക് ബ്രോണ്ടി കവിയുമായിരുന്നു. കോട്ടേജ് പോയംസ് (1811) റൂറൽ മിൻസ്ട്രെൽ (1814) എന്നീ കവിതാസമാഹാരങ്ങൾ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. യോർക്ക് ഷെയറിലെ ഹാവർലായിരുന്നു അവർ താമസിച്ചിരുന്നത്. ആറു മക്കൾ ആ ദമ്പതിമാർക്ക് ഉണ്ടായെങ്കിലും ആദ്യത്തെ കുട്ടികളായ മറിയയും, എലിസബത്തും ബാല്യത്തിൽ തന്നെ മരിച്ചു. മൂന്നാമത്തെ മകൾ ഷാർലറ്റ് 1816 ഏപ്രിൽ 21 നും, ബ്രാൻവെൽ 1817 ജൂൺ 26 നും, എമിലി 1818 ജൂലൈ 30നും, ആൻ 1820 ജനുവരി 17നും ജനിച്ചു. 38 -ാം വയസ്സിൽ അർബുദം ബാധിച്ച് മറിയ ബ്രോണ്ടി

മരിക്കുമ്പോൾ ഷാർലറ്റിന് 5 വയസ്സ് മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ .

മറിയയുടെ സഹോദരി എലിസബത്ത് ബ്രോണ്ടിയാണ് മറിയയുടെ കുട്ടികളെ വളർത്തിയത്. ക്ഷയരോഗമാണ് മൂത്ത കുട്ടികളുടെ മരണത്തിന് കാരണമായത്. അവശേഷിച്ച സഹോദരങ്ങളെ പിൽക്കാലത്ത് മരണം കൊണ്ടുപോയതും ക്ഷയരോഗത്തിലൂടെയായിരുന്നു. മുപ്പതാം വയസ്സിൽ എമിലിയും, മുപ്പത്തൊന്നാം വയസ്സിൽ ബ്രാൻവെലും, ഇരുപത്തൊൻപതാം വയസ്സിൽ ആനും, മുപ്പത്തൊൻപതാം വയസ്സിൽ ഷാർലറ്റും ലോകത്തോട് വിടപറഞ്ഞു.

സഹോദരിമാർ നോവലിസ്റ്റുകളായിരുന്നെങ്കിൽ സഹോദരൻ ചിത്രകാരനായിരുന്നു. മക്കളുടെ മരണം കാണാൻ നിർഭാഗ്യവാനായ പാട്രിക് ബ്രോണ്ടി ജീവിച്ചിരുന്നു. സഹോദരിമാരിൽ ഷാർലെറ്റ് മാത്രമാണ് വിവാഹിതയായത്. വിവാഹിതയായി ഒരു വർഷം കഴിഞ്ഞ് ഷാർലറ്റ് മരിക്കുമ്പോൾ അവർ ഗർഭിണിയുമായിരുന്നു. ആറ് വർഷത്തിനുശേഷം പാട്രിക് ബ്രോണ്ടിയും മരിച്ചു.

മൂന്ന് സഹോദരിമാർ- ഷാർലറ്റ്, എമിലി, ആൻ. പുരോഹിത ഭവനത്തിന്റെഏകാന്തതയിൽ വലിയ ലോകപരിചയം ഒന്നുമില്ലാതെ വളർന്നവർ. തങ്ങൾ മെനഞ്ഞെടുത്ത കഥകൾ ഭാവിയിൽ ഇംഗ്ലീഷ് സാഹിത്യത്തിലെ ഏറ്റവും വിലപിടിച്ച സമ്പത്തുകളായി തീരുമെന്ന് അവർ ചിന്തിച്ചിട്ടുണ്ടാകില്ല. കുട്ടിക്കാലം മുതൽ അവർ കളിക്കാൻ വേണ്ടിപ്പോലും കഥയെഴുതുകയാണ് ചെയ്തിരുന്നത്. അധികം ജീവിതാനുഭവങ്ങളോ, വ്യാപകമായ വായനയോ,



ഉന്നത വിദ്യാഭ്യാസത്തിന്റെ പിൻബലമോ, മേന്മയോ ആ സഹോദരി മാർക്ക് ഉണ്ടായിരുന്നില്ല.

ഏകാന്തതയുടെയും രോഗത്തിന്റെയും മാതൃസ്നേഹാഭാവത്തിന്റെയും വിഷമതകൾക്കിടയിൽ പിതൃസ്നേഹത്തിന്റെ ബലത്തിൽ തങ്ങളുടെ ഗ്രാമഭവനത്തിൽ കൂടുതൽ പുറത്തിറങ്ങാൻ പോലുമാകാതെ അവർ തങ്ങളുടെ ഹ്രസ്വജീവിതം കഴിച്ചുകൂട്ടി.

മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകണമെന്ന് ആഗ്രഹിച്ച അച്ഛൻ ആയിരുന്നു പാട്രിക് ബ്രോണ്ടി. മൂത്ത നാല് മക്കളേയും 1824 ൽ അദ്ദേഹം ലങ്കാഷെയറിലെ കൊവാൻ ബ്രിജ് സ്കൂളിൽ ചേർത്തു. പരിതാപകരമായ ഭൗതിക സാഹചര്യങ്ങളുണ്ടായിരുന്ന ആ വിദ്യാലയത്തിൽ വച്ചാണ് മൂത്തകുട്ടികളായ മറിയയും, എലിസബത്തും 1825 ൽ ക്ഷയരോഗം ബാധിച്ച് മരിച്ചത്.

1825 വീട്ടിലേക്കു മടങ്ങിയ ഷാർലറ്റും ബ്രാൻവെലും ഇളയവരായ എമിലിക്കും ആനിനുമൊപ്പം ചേർന്നു. ബാല്യഭാവനകളുടെ ലോകം വിടരുകയായിരുന്നു, അതോടെ. ആ കുട്ടിക്കാലമാണ് അവരെ എഴുത്തുകാരാക്കിയത്.

1826 ൽ പാട്രിക് ബ്രോണ്ടി, 12 പടയാളികളുടെ പാവകൾ ഉണ്ടാക്കി മക്കൾക്ക് സമ്മാനിച്ചു. ആ പാവകൾ മക്കളുടെ ഭാവനയെ ഉദ്ദീപിപ്പിച്ചു. അവർ ഭാവനാ സാമ്രാജ്യങ്ങളും കഥകളും നിർമ്മിച്ചു. 12 പടയാളികൾക്കും അവർ പേരുകൾ നൽകി. സാമ്രാജ്യങ്ങളെയും അവർ സങ്കൽപ്പിച്ചു. ഒരു സ്ത്രീ ഭരിക്കുന്ന ഗോൺ ഡൽ എന്ന രാജ്യമാണ് എമിലിയും, ആനും ചേർന്ന് നിർമ്മിച്ചത്. ഷാർലറ്റും, ബ്രാൻവെല്ലും സങ്കൽപ്പിച്ചത് ആങ്ഗ്രിയ എന്ന രാജ്യമായിരുന്നു. അവയെപ്പറ്റിയുള്ള കഥകൾ ആ സഹോദരിമാർ കൊച്ചു നോട്ടുപുസ്തകത്തിൽ എഴുതി.


1831ൽ, 14 കാരിയായ ഷാർലറ്റിനെ ബ്രാഡ്ഫഡിനടുത്തുള്ള മിർഫീൽഡിലെ മിസ് വൂളറുടെ സ്കൂളിൽ പാട്രിക് ബ്രോണ്ടി ചേർത്തു. രണ്ടുവർഷം അവിടെ പഠിച്ച ഷാർലറ്റ് 1835 മുതൽ 38 വരെയുള്ള കാലത്ത് ആ സ്കൂളിൽ അധ്യാപികയായും പ്രവർത്തിച്ചു. 1838 മുതൽ 41 വരെ കാലത്ത് ചില സമ്പന്ന കുടുംബങ്ങളിൽ കുട്ടികളെ പഠിപ്പിക്കുന്ന ഗവർണസായി ഷാർലറ്റ് ജോലി ചെയ്തു. 1842ൽ ഷാർലറ്റും എമിലിയും ബ്രസൽസിൽ കോൺസ്റ്റന്റിൻ ഹെഗറും, ഭാര്യ ക്ലെയർ ഹെഗറും നടത്തുന്ന ബോർഡിങ് സ്കൂളിൽ ചേർന്നു. പഠനച്ചെലവിനുള്ള തുകക്കുപകരം ഷാർലറ്റ് അവിടുത്തെ കുട്ടികളെ ഇംഗ്ലീഷും, എമിലി സംഗീതവും പഠിപ്പിച്ചു. പക്ഷേ ആറുമാസം കഴിഞ്ഞപ്പോൾ വീട്ടിൽ കുട്ടികളെ നോക്കിയിരുന്ന ഇളയമ്മ എലിസബത്ത് ആകസ്മികമായി മരിച്ചതോടെ അവർ ഇംഗ്ലിലേക്ക് മടങ്ങി.

1843 ഷാർലറ്റ് ഒറ്റയ്ക്ക് ബ്രസൽസിലെ സ്കൂളിലേയ്ക്ക് പോയി .1844 ജനുവരിയിൽ കഠിനമായ ഗൃഹാതുരത്വത്താൽ വീട്ടിലേക്ക് മടങ്ങുകയും ചെയ്തു. 'എഴുത്തായിരുന്നു', പിന്നീട് ആ സഹോദരങ്ങളുടെ ജീവിത്തിലെമ്പാടും.

എഴുത്തിൽ അവർ നോവൽ എന്ന സാഹിത്യരൂപത്തിന്റെ സങ്കേതത്തെ മാറ്റിമറിച്ചു. നോവൽ രൂപത്തെയും നോവലിന്റെ സാധ്യതകളെയും അടിസ്ഥാനപരമായിത്തന്നെ മാറ്റി. അവർക്കു മുൻപ് ഭാവഗീതങ്ങൾക്ക് മാത്രമുണ്ടായിരുന്ന വൈകാരിക തീവ്രത നോവലിൽ ലയിപ്പിച്ചുകൊണ്ട് നോവലിനെ അനുഭവസാന്ദ്രമാക്കി.

സമൂഹത്തിന്റെ യഥാതഥ ചിത്രത്തെ അവർ മനുഷ്യന്റെ ആന്തര ലോകത്തേയ്ക്കും വികാര തീവ്രതയിലേക്കും നയിച്ചു. അതിന് മിത്തിന്റേയും ട്രാജഡിയുടേയും ഗാംഭീര്യം നൽകി.

1846 മേയിൽ ഷാർലറ്റ്, എമിലി, ആൻ ബ്രോണ്ടിമാർ ചേർന്ന് ഒരു സംയുക്ത കവിതാ സമാഹാരം (Poems by Currer, Ellis and Acton Bell ) പ്രസിദ്ധപ്പെടുത്തി. ക്യൂറർ ബെൽ, എല്ലിസ് ബെൽ, ആക്ടൺ ബെൽ എന്നീ ആൺ പേരുകളാണ് ഗ്രന്ഥകർത്താക്കളുടെ സ്ഥാനത്ത് ചേർത്തിരുന്നത്.



സ്ത്രീകൾക്ക് സാഹിത്യം എഴുതാൻ ശേഷി യില്ലെന്ന വിശ്വാസം പ്രബലമായിരുന്ന അന്നത്തെ ഇംഗ്ലണ്ടിൽ ഒരു എഴുത്തുകാരിയുടെ പുസ്തകം സ്വീകരിക്കാനും ആളില്ലായിരുന്നു. രണ്ടു കോപ്പി മാത്രം വിറ്റ ആ പുസ്തകസംരംഭത്തിൽ നിന്ന് മൂന്ന് ബ്രോണ്ടിമാരും നോവലെഴുത്തിലേയ്ക്ക് തിരിഞ്ഞു. പുരുഷനാമങ്ങളിലാണ് അവർ തങ്ങളെ പിന്നീട് വിഖ്യാതരാക്കിയ നോവലുകൾ പ്രസിദ്ധീകരിച്ചത്.

എഴുത്തുകാരികളോട് സമൂഹത്തിനുണ്ടായിരുന്ന മുൻവിധിക്ക് മാതൃകയാണിത്. 1847ൽ മൂന്ന് സഹോദരിമാരുടെയും ആദ്യ നോവലുകൾ പുറത്തുവന്നു. ഷാർലറ്റ് ബ്രോണ്ടിയുടെ 'ജെയ്ൻ എയർ', എമിലി ബ്രോണ്ടിയുടെ' വതറിങ് ഹൈറ്റ്സ്', ആൻ ബ്രോണ്ടിയുടെ 'ആഗ്നസ് ഗ്രേ' എന്നിവയായിരുന്നു അച്ചടിച്ചിറക്കിയ പുസ്തകങ്ങൾ.

ഷാർലറ്റ് ബ്രോണ്ടിയുടെ 'ജെയ്ൻ എയർ' എന്ന നോവലാണ് ആദ്യം പ്രസിദ്ധീകരിച്ചത്.

ക്യൂറൽ ബെൽ എന്ന പുരുഷ തൂലികാനാമത്തിൽ പുറത്തുവന്ന 'ജെയ്ൻ എയർ' പെട്ടെന്ന് തന്നെ ബെസ്റ്റ് സെല്ലർ ആയി മാറി. തൊട്ടുപിന്നാലെ മറ്റു രണ്ടു നോവലുകളും പുരുഷതൂലികാനാമങ്ങളിൽ പുറത്തു വന്നപ്പോൾ അന്നത്തെ വായനാസമൂഹം സംശയിച്ചത് മൂന്ന് കൃതികളും ഒരാൾ തന്നെ എഴുതിയെന്നാണ്.

'വതറിങ് ഹൈറ്റ്സ്' ന്റെ പ്രസാധകനായ തോമസ് കർട്‌ലി ന്യൂബൈ ആണ് എല്ലിസ് ബെൽ (എമിലി ബ്രോണ്ടി എന്ന പേരിലാണ് നോവൽ പ്രസിദ്ധീകരിച്ചത്) ആണ് മൂന്നുനോവലിന്റേയും കർത്താവെന്ന് ഊഹിച്ചത്.

'ജെയ്ൻ എയർ' ന്റെ വിജയത്തോടെ ഷാർലറ്റും, ആനും 1848 ൽ യോർക്ക് ഷെയറിലെ തങ്ങളുടെ വീട്ടിൽ നിന്ന് ലണ്ടനിലേയ്ക്ക് പുറപ്പെട്ടു. ഷാർലറ്റിന്റെ പ്രസാധകരായ സ്മിത്ത്, എൽഡർ ആൻഡ് കമ്പനിയിലെത്തി തങ്ങളുടെ ഭിന്നവ്യക്തിത്വങ്ങൾ തെളിയിക്കുകയായിരുന്നു ആ സഹോദരിമാരുടെ യാത്രയുടെ ഉദ്ദേശ്യം.

സഹോദരിമാർക്കൊപ്പം പോകാൻ എമിലി ബ്രോണ്ടി സന്നദ്ധയായില്ല. 'വതറിങ് ഹൈറ്റ്സ്', 'ആഗ്നസ് ഗ്രേ'. എന്നീ കൃതികൾ യഥാക്രമം എമിലിയും ആനുമാണ് എഴുതിയതെന്ന് സധൈര്യം ലോകത്തോട് വിളിച്ചു പറയാൻ എമിലിക്കും ആനിനും അവസരം ലഭിച്ചില്ല. മരണം അവരെ പിടികൂടിയ ശേഷമാണ് എമിലിയുടെ 'വതറിങ് ഹൈറ്റ്സ്' വിശ്വസാഹിത്യത്തിലെ ക്ലാസ്സിക്ക് എന്ന് വിശേഷണം നേടിയത്.

ഒറ്റ നോവൽ മാത്രമേ എഴുതിയുള്ളൂവെങ്കിലും കൂട്ടത്തിൽ ഏറ്റവും പ്രതിഭാശാലിയായിരുന്നു എമിലി ബ്രോണ്ടി. വതറിങ് ഹൈറ്റ്സ്'(Wuthering Heights), എല്ലിസ് ബെൽ എന്ന തൂലികാനാമത്തിലാണ് എമിലി എഴുതിയത്.

ഇംഗ്ലീഷ് സാഹിത്യത്തിന്റെ നക്ഷത്രപഥത്തിലാണ് എമിലി ബ്രോണ്ടി സ്ഥാനമുറപ്പിച്ചത്. മുപ്പതാം വയസ്സിൽ പ്രസിദ്ധീകരിച്ച വതറിങ് ഹൈറ്റ്സ് എന്ന ഇരു പ്രണയ കഥയിൽ, വരുംകാലത്തിന് മതിവരാതെ ചർച്ച ചെയ്യാൻ വേണ്ടതെല്ലാം

എമിലി ബ്രോണ്ടി ഒരുക്കിവച്ചു. പ്രേമവും, കാമവും, പ്രതികാരവാസനയും, മോഹങ്ങളും, മോഹഭംഗങ്ങളും, ഏകാന്തതയും, നിർവികാരതയും, ആത്മനശീകരണവാസനയും, അക്രമാസക്തിയും എല്ലാം നിറഞ്ഞ സൗന്ദര്യം വൈകാരികലോകവും അതിന്റെ പശ്ചാത്തലമായി നിൽക്കുന്ന നിർജ്ജനവും അനന്തമായ ചതുപ്പുനിലവും ഒക്കെ വതറിങ് ഹൈറ്റ്സിന്റെ ഗോതിക് പ്രപഞ്ചമാണ്. നോവലിന്റെ ചരിത്രത്തിലെ തന്നെ അപൂർവ്വതകളിൽ ഒന്നാണിത് .

ബൈറൻ മരിച്ചതിനുശേഷം ഇത്രയും കാല്പനികമായ പ്രണയവും വേദനയും പകർത്തിയവരില്ലെന്ന് ഹാവർത്ത് ചർച്ച് യാർഡ് (Haworth Churchyard)എന്ന കവിതയിൽ ആർനോൾഡ് എഴുതിയത് വെറുതെയല്ല.

ബ്രോണ്ടി സൃഷ്ടിച്ച നായക കഥാപാത്രമായ ഹീത് ക്ലിഫിനെ മുൻനിർത്തിയുള്ള പ്രസ്താവന ആയിരുന്നു അത്. ബൈറനിക നായകന്റെ എല്ലാ ഗുണവിശേഷണങ്ങളും ഹീത് ക്ലിഫിന്റെ പ്രഹേളികാ വ്യക്തിത്വത്തിൽ കാണാം. സാമൂഹിക ഭ്രഷ്ട് അന്യത്വം, സിനിസിസം, ആത്മ നാശകത്വം, കൗശലം, കാർക്കശ്യം, നിഗൂഢത, ആകർഷണീയത, കുറ്റബോധം, ആത്മപീഡ ... അങ്ങനെ പല പല പ്രകൃതികൾ.

ചീത്തസ്വഭാവിയും, ഭ്രാന്തനും, ആപത്കാരിയുമായി ഭ്രഷ്ടനായ നായകൻ ഏകാന്തമായ ചതുപ്പിൽ നിലകൊള്ളുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ അത്തരം ഒരു കഥാപാത്രത്തെ കണ്ടുമുട്ടുക എളുപ്പമല്ല.

'വതറിങ് ഹൈറ്റ്സി'ന്റെ ഏറ്റവും പ്രധാനപ്പെട്ട കഥാപാത്രം -യോർക്ക് ഷെയർമൂർസ് എന്ന് വിളിക്കപ്പെടുന്ന വിശാലമായ ചതുപ്പുപ്രദേശമാണ്. അമ്ലാംശമുള്ള മണ്ണും, കൃഷിയില്ലാത്ത നിലങ്ങളും വല്ലാത്ത കാലാവസ്ഥയുമുള്ള ആ പ്രദേശത്തിന്റെ സ്വഭാവം നോവലിലുടനീളമുണ്ട്.

വതറിങ് ( Wuthering) എന്ന പദം തന്നെ ആ കാലാവസ്ഥയ്ക്ക് നൽകിയ വിശേഷണമാണ്. ഗോതിക് ആഖ്യായികളുടെ (Gothic Fiction)സവിശേഷതകൾ വതറിങ് ഹൈറ്റ്സിൽ (Wuthering Heights) സമൃദ്ധമായി കാണാം.

നിഗൂഢത,അമാനുഷ ഘടകങ്ങളുടെ സാന്നിധ്യം, ദുർഗന്ധ സമാനമായ ഏകാന്ത ഭവനങ്ങൾ, സർവ്വാധിപത്യസ്വഭാവമുള്ള കഥാപാത്രങ്ങൾ, ഇരുളിമ , മരണം, ഭ്രാന്ത്, ഗുപ്തരഹസ്യങ്ങൾ തുടങ്ങിയ ഒട്ടേറെ ഘടകങ്ങൾ ഗോതിക് നോവലുകളുടെ സവിശേഷതയാണ്. അവയും കാല്പനികാംശങ്ങളും വിദഗ്ദ്ധമായി മിശ്രണം ചെയ്യുകയാണ്, 'വതറിങ് ഹൈറ്റ്സിൽ' എമിലി ബ്രോണ്ടി.

എമിലി ബ്രോണ്ടി 1848 ഡിസംബർ 19 മരിച്ചു. വിശ്വ സാഹിത്യകാരനായ മാത്യു ആർനോൾഡ് എമിലിയെപ്പറ്റി എഴുതിയത് ഇങ്ങനെയാണ് -'അവളെപ്പറ്റിയെങ്ങനെ പാടും ഞാൻ,

**ആരുമേയറിഞ്ഞതില്ലവൾ തൻ ഹൃദയം,**
**ബൈറണിൻ വിയോഗശേഷമെത്രയും**
**പ്രണയതീക്ഷ്ണ,മുൽക്കടം, ദുഃഖിതം".**

അതെ, ഇരു പ്രണയകഥ പറഞ്ഞ് ലോകം കീഴടക്കിയ, അറിയപ്പെടാതെപോയ ആഴങ്ങളുള്ള 'എമിലി'യെപ്പറ്റി ഇനിയും ധാരാളം അറിയേണ്ടിയിരിക്കുന്നു.

February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII

# വില്യം വയിലർ: ക്ലാസിക്കൽ ഹോളിവുഡ് ചലച്ചിത്രകലയുടെ ആചാര്യൻ



പ്രൊഫ. ബേബി പോൾ
( ഫിൽക്ക )



ഹോളിവുഡിന്റെ സ്വർണയുഗത്തിലെ ഏറ്റവും മികച്ചതും സ്വാധീനമുള്ളതുമായ സംവിധായകരിൽ ഒരാളായി വില്യം വയിലർ കണക്കാക്കപ്പെടുന്നു. കലാപരമായ ശില്പം, വികാരാത്മക യാഥാർത്ഥ്യം, പൂർണ്ണത തേടുന്ന സിനിമാ സമീപനം എന്നിവയാണ് അദ്ദേഹത്തെ പ്രശസ്തനാക്കിയത്.

സാഹിത്യകൃതികളുടെ മികച്ച ചലച്ചിത്രാവിഷ്കാരങ്ങൾ, യുദ്ധചിത്രങ്ങൾ, സാമൂഹിക നിരീക്ഷണങ്ങൾ, മഹത്തായ ചരിത്ര സിനിമകൾ എന്നിവ ഉൾപ്പെടെ നിരവധി ക്ലാസിക്കൽ സിനിമകളിലൂടെ വയിലർ സിനിമാ ചരിത്രത്തിൽഅവിസ്മരണീയ സ്ഥാനം നേടിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രാരംഭകാലത്തിലെ ഏറ്റവും പ്രശസ്തമായ ചിത്രങ്ങളിൽ ഒന്നാണ് 1939-ൽ പുറത്തിറങ്ങിയ വുതറിംഗ് ഹൈറ്റ്സ്.

എമിലി ബ്രോണ്ടെയുടെ പ്രസിദ്ധമായ നോവലിനെ ആധാരമാക്കി ഒരുക്കിയ ഈ ദുഃഖഭരിതമായ പ്രണയചിത്രം കവിതാസമമായ അന്തരീക്ഷം, മാനസിക ആഴം, ഗാഥിക് ഭംഗി എന്നിവകൊണ്ട് ഇന്നും ആരാധിക്കപ്പെടുന്നു. എന്നാൽ ഈ ചിത്രം മാത്രം അല്ല, അദ്ദേഹത്തിന്റെ മുഴുവൻ കരിയറും ഹോളിവുഡിലെ ഏറ്റവും വലിയ കഥ പറയുന്ന സംവിധായകരിൽ ഒരാളായി വയിലറിനെ ഉയർത്തിപ്പിടിക്കുന്നു.

വില്യം വയിലർ 1902 ജൂലൈ 1-ന് യൂറോപ്പിലെ അതിർത്തി പ്രദേശമായ ഫ്രാൻസിലെ മൾഹൗസ് (Alsace) എന്ന സ്ഥലത്ത് ജനിച്ചു. ഫ്രഞ്ച്-ജർമ്മൻ സാംസ്കാരിക സ്വാധീനങ്ങൾ ചേർന്ന സങ്കീർണ്ണമായ ഒരു പ്രദേശമായിരുന്നു ആൽസാസ്. ഭാഷകളും സംസ്കാരങ്ങളും കലാസങ്കൽപ്പങ്ങളും കൂടിച്ചേരുന്ന ഒരു കേന്ദ്രമായിരുന്നു അത്. ഫ്രഞ്ച്, ജർമ്മൻ, പ്രാദേശിക ഭാഷകളുടെ ബഹുഭാഷാ ജീവിതം, യൂറോപ്യൻ സാഹിത്യപരമ്പരകൾ, നാടക-സംഗീത സമ്പന്നമായ സാംസ്കാരിക ലോകം എന്നിവയാണ് വയിലറുടെ ബാല്യകാല അനുഭവങ്ങളെ രൂപപ്പെടുത്തിയത്.

അദ്ദേഹത്തിന്റെ കുടുംബം ആൽസാസിലെ ജൂത സമൂഹത്തിൽപ്പെട്ടവരായിരുന്നു. ഈ സാംസ്കാരിക സമൃദ്ധിയും പാളിപ്പാളി

February Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Part-VIII

യായ അനുഭവങ്ങളും വയിലറുടെ സിനിമകളിൽ കാണുന്ന അന്തരീക്ഷ ബോധവും മനുഷ്യവികാരങ്ങളുടെ സൂക്ഷ്മതയും രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ചു.


1920-കളുടെ തുടക്കത്തിൽ വയിലർ അമേരിക്കയിലേക്ക് കുടിയേറി, യൂണിവേഴ്സൽ പിക്ചേഴ്സ് വഴി ഹോളിവുഡ് സിനിമാരംഗത്ത് അദ്ദേഹം പ്രവേശിച്ചു. ശ്രദ്ധിക്കേണ്ടത്, അദ്ദേഹം യൂറോപ്പ് വിട്ടത് നാസി ഭരണകൂടം ജർമനിയിൽ അധികാരത്തിലെത്തുന്നതിനുമുമ്പായിരുന്നു. ആ സമയത്ത് നാസി പീഡനങ്ങളും ഹോളോകോസ്റ്റും ആരംഭിച്ചിരുന്നില്ല. വളരുന്ന അമേരിക്കൻ സിനിമാ വ്യവസായം നൽകുന്ന പുതിയ അവസരങ്ങളാണ് അദ്ദേഹത്തെ പ്രധാനമായും പ്രേരിപ്പിച്ചത്. അതിനാൽ, വയിലർ ജൂതനായിരുന്നെങ്കിലും, അദ്ദേഹത്തിന്റെ കുടിയേറ്റം നേരിട്ട് പീഡനത്തിൽ നിന്നുള്ള രക്ഷാപ്രവർത്തനമല്ല; ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം പുതിയ ജീവിതവും കലാസാധ്യതകളും തേടി അമേരിക്കയിലേക്ക് വന്ന യൂറോപ്യൻ കലാകാരന്മാരുടെ വലിയ പ്രവാഹത്തിന്റെ ഭാഗമായിരുന്നു അത്. എന്നിരുന്നാലും, രണ്ടാം ലോക മഹായുദ്ധ കാലത്ത് വയിലർ യുദ്ധ സിനിമകളും ഡോക്യുമെന്ററികളും നിർമ്മിച്ച് സഖ്യകക്ഷികളുടെ ലക്ഷ്യങ്ങൾക്ക് പിന്തുണ നൽകിയിരുന്നു.

1920-കളുടെ അവസാനം വയിലർ നിശബ്ദ വെസ്റ്റേൺ സിനിമകളും ചെറുചിത്രങ്ങളും സംവിധാനം ചെയ്ത് ആരംഭിച്ചു. 1930-കളുടെ മധ്യത്തോടെ അദ്ദേഹം മാനസിക ആഴമുള്ള ഗൗരവചിത്രങ്ങളുടെ സംവിധായകനായി അറിയപ്പെട്ടു. സൂക്ഷ്മമായ വിശദാംശങ്ങളിലേക്കുള്ള ശ്രദ്ധ, ശക്തമായ അഭിനേതൃ പ്രകടനങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ്, വികാരപരമായ ഗൗരവം നിറഞ്ഞ അവതരണം, മനോഹരമായ ദൃശ്യഘടന, കൂടാതെ യാഥാർത്ഥ്യവും ക്ലാസിക്കൽ ശൈലിയും ചേർത്തുള്ള സിനിമാനിർമ്മാണ സമീപനം എന്നിവയായിരുന്നു അദ്ദേഹത്തിന്റെ പ്രധാന പ്രത്യേകതകൾ.

പൂർണ്ണത തേടുന്ന സംവിധായകനായതിനാൽ നിരവധി ടേക്കുകൾ ആവശ്യപ്പെടുന്ന അദ്ദേഹത്തിന്റെ ശീലമാണ് ചിലപ്പോഴൊക്കെ പ്രശസ്തി നേടിയതെങ്കിലും, അതുവഴി സിനിമാ ചരിത്രത്തിലെ ഏറ്റവും മികച്ച അഭിനയങ്ങൾ ലഭിച്ചു. വില്യം വയിലറുടെ കരിയർ അതിന്റെ വൈവിധ്യത്തിലും ദീർഘകാല സ്വാധീനത്തിലും അതീവ ശ്രദ്ധേയമാണ്. 1936-ലെ Dodsworth



February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII



വയിലറിനെ ഒരു ഗൗരവമുള്ള സാമൂഹിക സംവിധായകനായി സ്ഥാപിച്ചു. വിവാഹബന്ധങ്ങളിലെ മാറ്റങ്ങൾ, ജീവിത പരിണാമങ്ങൾ, വ്യക്തിത്വസംഘർഷങ്ങൾ എന്നിവയെ യാഥാർത്ഥ്യബോധത്തോടെ അവതരിപ്പിച്ച ഈ ചിത്രം മനുഷ്യ ബന്ധങ്ങളുടെ സങ്കീർണ്ണത തുറന്നുകാട്ടുന്നു.

1939-ൽ പുറത്തിറങ്ങിയ വുതറിംഗ് ഹൈറ്റ്സ് അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ സാഹിത്യാവിഷ്കാരങ്ങളിലൊന്നായി മാറി. പ്രണയം, പ്രതികാരം, നഷ്ടം, വിധി എന്നിവ ചേർന്ന ഗാഥിക് ട്രാജഡിയായി ഈ ചിത്രം ഇന്നും കാലാതീതമാണ്.1940-ലെ The Letter കുറ്റബോധവും നൈതികസംശയവും നിറഞ്ഞ ഒരു മനോവിജ്ഞാനപരമായ കുറ്റകൃത്യ നാടകമാണ്. രണ്ടാം ലോകമഹായുദ്ധ പശ്ചാത്തലത്തിൽ 1942-ൽ പുറത്തിറങ്ങിയ Mrs. Miniver ബ്രിട്ടീഷ് ധൈര്യത്തിന്റെ പ്രതീകമായി മാറി; ഈ ചിത്രം അദ്ദേഹത്തിന് ആദ്യ ഓസ്കർ നേടിക്കൊടുത്തു.

1946-ലെ The Best Years of Our Lives യുദ്ധാനന്തര സൈനികരുടെ മാനസിക പ്രതിസന്ധികളെ കരുണയോടെയും യാഥാർത്ഥ്യത്തോടെയും അവതരിപ്പിച്ച മഹത്തായ ക്ലാസിക്കാണ്.

1953-ലെ Roman Holiday റോമിന്റെ പശ്ചാത്തലത്തിൽ സ്വാതന്ത്ര്യവും പ്രണയവും അവതരിപ്പിച്ച സുന്ദരമായ ചിത്രം കൂടിയാണ്. 1959-ൽ പുറത്തിറങ്ങിയ Ben-Hur വയിലറുടെ ഏറ്റവും വലിയ മഹാകാവ്യ ചിത്രമാണ്; ചരിത്രവും ആത്മീയതയും ചേർന്ന ഈ ചിത്രം 11 ഓസ്കർ നേടി.

1961-ലെ The Children's Hour സാമൂഹിക അസഹിഷ്ണുതയെ ധീരമായി വിമർശിച്ച ചിത്രമാണ്. 1968-ലെ Funny Girl സംഗീത ചിത്രങ്ങളിലേക്കും വയിലർ സമാനമായ മികവോടെ കടന്നുവന്നതിന്റെ ഉദാഹരണമാണ്.

വയിലർ മൂന്ന് തവണ മികച്ച സംവിധായകനുള്ള ഓസ്കർ നേടി, അതുവഴി ചരിത്രത്തിലെ ഏറ്റവും ബഹുമാനിക്കപ്പെട്ട സംവിധായകരിൽ ഒരാളായി മാറി. വില്യം വയിലറുടെ സിനിമകളിൽ സ്ഥലവും ഇടവും വെറും പശ്ചാത്തലങ്ങളല്ല; കഥയുടെയും കഥാപാത്രങ്ങളുടെയും വികാരങ്ങളുടെയും ഭാഗമായിട്ടാണ് അവ പ്രവർത്തിക്കുന്നത്. വുതറിംഗ് ഹൈറ്റ്സ് എന്ന ചിത്രത്തിൽ മൂടൽമഞ്ഞുള്ള മറ്റു പ്രദേശങ്ങളും ഇരു അകത്തളങ്ങളും കഥാപാത്രങ്ങളുടെ ഏകാന്തതയും അടിച്ചമർത്തപ്പെട്ട വികാരങ്ങളും പ്രതിനിധീകരിക്കുന്നു.



Roman Holiday ൽ റോമിന്റെ തെരുവുകളും പൊതു ഇടങ്ങളും സ്വാതന്ത്ര്യത്തിന്റെ പ്രതീകങ്ങളായി മാറുന്നു.

The Best Years of Our Lives ൽ വീടുകളും ചെറിയ പട്ടണങ്ങളും യുദ്ധാനന്തര മാന സിക പുനരധിവാസത്തിന്റെ വേദികളായി പ്രവർത്തിക്കുന്നു.

Ben-Hur പോലുള്ള മഹാകാവ്യചിത്ര ങ്ങളിൽ, വിപുലമായ ഭൂപ്രകൃതികളും ഭീമാകാരമായ വാസ്തുവിദ്യകളും കഥാ പാത്രങ്ങളുടെ വിധിയും ആത്മീയ യാത്ര യും ഊന്നിപ്പറയുന്നു. ഇങ്ങനെ, വയിലറുടെ സിനിമകളിൽ സ്ഥലം ഒരിക്കലും അലങ്കാ രമല്ല; മറിച്ച് അത് കഥയുടെ അർത്ഥം ശക്തമാക്കുന്ന ഒരു ജീവിക്കുന്ന ഘടക മാണ്.

അവസാനമായി പറയുമ്പോൾ, വില്യം വയിലറുടെ കരിയർ ക്ലാസിക്കൽ ഹോളി വുഡ് സിനിമയുടെ ഉന്നത നേട്ടമാണ്.

വുതറിംഗ് ഹൈറ്റ്സ് എന്ന പ്രണയ ട്രാജഡി യിൽ നിന്ന് Ben-Hur എന്ന മഹാ കാവ്യത്തിലേക്ക് വരെ അദ്ദേഹം



വികാരത്തിന്റെ ആഴവും ദൃശ്യഭംഗിയും ഒരുപോലെ കൈകാര്യം ചെയ്തു.

എമിലി ബ്രോണ്ടെയുടെ നോവലിനെ അദ്ദേഹം സിനിമയിൽ മാറ്റിയത് സാഹിത്യ ത്തെ അന്തരീക്ഷമായും മനസ്സിന്റെ ട്രാജഡിയായും മാറ്റിയ ഒരു കാലാതീത ഉദാഹരണമാണ്. അതുകൊണ്ട്, വില്യം വയിലർ ഹോളിവുഡിന് നൽകിയ ഏറ്റവും വലിയ സംഭാവന കലാപരമായ മികവും മനുഷ്യസത്യത്തിന്റെ വികാര പര മായ അവതരണവുമാണ്.



February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII
filca

# മദാം ബോവറി



**ജോൺ തോമസ്**
(ഫിൽക്ക)



സോഫി ബാർത്തസ്

ഈ നോവലിനെ അടിസ്ഥാനപ്പെടുത്തി നിരവധി സിനിമകൾ റിനോയറിനെ പോലുള്ള പ്രശസ്ത ഫ്രഞ്ച് സംവിധായക നടക്കം നിർമ്മിച്ചിട്ടുണ്ട്. സോഫി ബാർത്തസ് സംവിധാനം ചെയ്ത് 2014 ൽ റിലീസ് ചെയ്യപ്പെട്ട സിനിമയാണ് ഫിൽക്കാ ഫിലിം മേളയിൽ അവതരിപ്പിക്കുന്നത്.

ഫ്രഞ്ച് എഴുത്തുകാരൻ ഗുസ്താവ് ഫ്ളോബറിന്റെആദ്യ നോവലായ മദാം ബോവറി 1857ൽ പ്രസിദ്ധീകരിക്കപ്പെട്ടു. അന്ന് അശ്ലീലം എന്നു വരെ വിശേഷിപ്പിക്കപ്പെട്ട ഈ കൃതി സാഹിത്യ ചരിത്രത്തിൽ ഏറെ സ്വാധീനം ചെലുത്തിയ കൃതികളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. ബാഹ്യ സംഭവങ്ങളെക്കാൾ ചിന്തകളുടെയും വികാരങ്ങളുടെയും കൃത്യമായ പ്രാതിനിധ്യത്തിൽ കേന്ദ്രീകരിച്ച് യാഥാർത്ഥ്യവാദം കൂടുതൽ കൂടുതൽ മാനസികമായി മാറുന്ന പ്രവണതയെ ഈ നോവൽ ഉദാഹരണമാക്കുന്നു.

മദാം ബോവറിയെന്ന നോവലിനെ അടിസ്ഥാനപ്പെടുത്തിയുള്ള ആദ്യത്തെ സിനിമാറ്റിക് വേർഷൻ ആണ് ഈ ചിത്രം എന്ന് തോന്നുന്നു. ഓസ്ട്രേലിയൻ നടി മിയ വസിക്കോവ്സ്കയാണ് ഈ ചിത്രത്തിൽ എമ്മയായി അഭിനയിച്ചിരിക്കുന്നത്.

സുന്ദരിയും വിദ്യാഭ്യാസം ലഭിച്ചവളുമായ എമ്മയുടെ ജീവിതത്തെ കേന്ദ്രീകരിച്ചാണ് സിനിമ. വായനയിൽ തൽപരയും സ്വപ്നങ്ങളെ താലോലിച്ച് കഴിയുന്നവളുമായിരുന്നു എമ്മ എന്ന പെൺകുട്ടി. അവൾ കുടുംബത്തിന്റെ നിർബന്ധത്തിനു വഴങ്ങി ഒരു വിഭാര്യനെ വിവാഹം കഴിക്കാൻ നിർബന്ധിതയായിരുന്നുവെന്ന് നോവലിൽ കാണാം.



February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII




പിതാവിന്റെ രോഗത്തിന് ചികിത്സിക്കാൻ വീട്ടിലെത്തിയ ഗ്രാമീണ ഡോക്ടർ ചാൾസ് ബോവറി , സുന്ദരിയും വിദ്യാസമ്പന്നയും അമ്മയുടെ മരണത്തോടെ വീട്ടുകാര്യങ്ങളിൽ ശ്രദ്ധ പുലർത്തിയിരുന്നുവളും ആയ എമ്മയെ പരിചയപ്പെടുന്നു. അവളിൽ അദ്ദേഹത്തിന് താൽപര്യം ജനിക്കുന്നു. തന്റെ മകളും ഡോക്ടർ ആയ ചാൾസ് ബോവറിയും തമ്മിൽ വിവാഹിതരാകുന്ന കാര്യത്തിൽ എമ്മയുടെ പിതാവിന് എന്തു കൊണ്ടും സമ്മതമായിരുന്നു.



വിവാഹം കഴിക്കാൻ വേണ്ടി താൻ പഠിച്ചു കൊണ്ടിരുന്ന കോൺവെൻറ് വിടുന്ന എമ്മയെ ആണ് നാം ചിത്രത്തിന്റെ തുടക്കത്തിൽ കാണുന്നുന്നത്.

രോഗീ പരിചരണത്തിൽ ദത്തശ്രദ്ധനായ ഡോക്ടർ ആയിരുന്നു ചാൾസ് ബോവറി. ഗ്രാമീണ ഡോക്ടർ ആയതുകൊണ്ട് വരുമാനം കുറവും. അവർക്ക് ഒരു മകളും ജനിക്കുന്നുണ്ട്.

ഏകാന്തതാ ബോധം പേറി യോൺസ് വില്ല എന്ന ചെറുപട്ടണത്തിലെ തങ്ങളുടെ ഭവനത്തിന് ചുറ്റുമുള്ള തോട്ടത്തിലൂടെയുള്ള അലഞ്ഞു നടക്കലും വായനയും ആയിരുന്നു അവൾ സംതൃപ്തി കണ്ടെത്തിയ കാര്യങ്ങൾ. ക്രമേണ ഭർത്താവിന്റെ സാന്നിധ്യത്തിൽ പോലും അവൾക്ക് വിരസതയും അന്യതാ ബോധവും അനുഭവപ്പെട്ടു. ആവേശത്താലും അഭിനിവേശത്താലും നയിക്കപ്പെട്ടവളും പദവിയും സ്നേഹവും ആഗ്രഹിച്ചവളുമായിരുന്നു എമ്മ.



ലിയോൺ ഡ്യൂപൂയിസ് എന്ന ക്ലാർക്ക് പ്രണയാഭ്യർത്ഥനയുമായി സമീപിച്ചപ്പോൾ ആദ്യം അവൾ താത്പര്യം കാട്ടിയില്ല. എതിർക്കുകയും ചെയ്തു. എന്നാൽ തുടർന്ന് തന്റെ വിരസ ജീവിതത്തിന് പരിഹാരമായി ആ ബന്ധത്തെ കാണുന്ന അവസ്ഥയിലെത്തി. ഒരു ഘട്ടം കഴിഞ്ഞപ്പോൾ ലിയോൺ അവളെ നിരാശപ്പെടുത്തിക്കൊണ്ട് ഈ ബന്ധം ഉപേക്ഷിച്ച് പട്ടണത്തിലേക്ക് പോയി.

തുടർന്ന് ധനാഢ്യനായ മാർക്കിസുമായി പരിചയപ്പെടുമ്പോൾ അദ്ദേഹം അവളിൽ അമിത താൽപര്യം കാട്ടുന്നുണ്ട്. ആ ബന്ധം സമ്പന്ന ജീവിതത്തിലേക്കുള്ള തന്റെ ചവിട്ടുപടിയാക്കാൻ അവൾ തീരുമാനിക്കുന്നു.

February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII



കൂടുതൽ മെച്ചപ്പെട്ട ജീവിതം അയാളു മായുള്ള ബന്ധത്തിലൂടെ നേടിയെടുക്കാം എന്ന് എമ്മ നിശ്ചയിക്കുന്നു. വില കൂടിയ വസ്ത്രങ്ങളിലും ആടയാഭരണങ്ങളിലും തല്പരയായിത്തീർന്ന അവൾ ഇവയ്ക്കു വേണ്ടി കൈവിട്ടു ചെലവാക്കുന്നു.

ല്യൂറോ എന്ന കച്ചവടക്കാരൻ കടമായി നൽകിയ സാധനങ്ങൾ അവൾ വാങ്ങിക്കൊ ണ്ടേയിരുന്നു. വീട്ടാനാവാത്ത കടവും കയ്യൊഴിഞ്ഞ കാമുകരും എമ്മയുടെ ജീവിതം ദുരന്തപൂർണമാക്കി. അവസാന അഭയം എന്ന നിലയിൽ അവൾക്ക് മരണ ത്തെ തന്നെ ആശ്രയിക്കേണ്ടി വരുന്നു. വിഷം കഴിച്ച് ആത്മഹത്യ ചെയ്യുന്നു. ഭാര്യ മൂലം ഉണ്ടായ ദുരിത പൂർണ്ണമായ ജീവിത വും പ്രാക്ടീസ് കുറഞ്ഞതും ഭർത്താവായ ചാൾസ് ബോവറിയെ ഹൃദയം തകർന്നു മരിക്കാനിടയാക്കുന്നു.

അമ്മയച്ഛന്മാർ സംരക്ഷിക്കാൻ ഇല്ലാതായ മകൾ ഒരു കോട്ടൺ മില്ലിൽ തൊഴിലാളി യായി ജീവിക്കുവാൻ നിർബന്ധിതയാ കുന്നു. എമ്മ മരിക്കുമ്പോൾ കേൾക്കുന്ന അന്ധഗായകന്റെ പാട്ടോടെയാണ് ഈ സിനിമ അവസാനിക്കുന്നത്. അമിതമായ ആവേശവും അഭിനിവേശവും കലർന്ന ജീവിതം നയിച്ച കഥാപാത്രം, പദവി ക്കും സ്നേഹത്തിനും വേണ്ടി കൊതിച്ച കഥാപാത്രം, എത്തിപ്പിടിക്കുവാൻ കഴിയാത്ത ആഗ്രഹങ്ങളെയും താലോലിച്ച് അവ യ്ക്ക് വേണ്ടി വഴി വിട്ടു സഞ്ചരിച്ച് താൻ സൗഹൃദം സ്ഥാപിച്ചവരാരെല്ലാം ഉപേക്ഷിക്കപ്പെട്ട് ഏകാന്തതയുടെയും അന്യതാ ബോധത്തിന്റെയും നടുക്കടലി ലേക്ക് തള്ളപ്പെട്ട കഥാപാത്രം, അതായി രുന്നു എമ്മയുടെ ജീവിതം.

അതേസമയം ഉള്ളതുകൊണ്ട് തൃപ്തിയട യാൻ പറയുന്ന അന്ധഗായകൻ. ഒരു വലിയ പാഠമാണ് ഈ സിനിമ നമുക്ക് സമ്മാനിക്കുന്നത്.

മദാം ബോവറി എന്ന നോവൽ രചിക്കപ്പെട്ട് 21 വർഷങ്ങൾക്ക് ശേഷം ഏതാണ്ട് ഇതേ സ്വഭാവത്തോട് കൂടിയ ദുരന്ത കഥാനായി കയെ അവതരിപ്പിച്ച മഹത്തായ മറ്റൊരു നോവൽ രൂപം കൊണ്ടു. ടോൾസ്റ്റോയി യുടെ അന്നാ കരനീനയാണത്.



February Film Festival

ഫിലിം വിഷൻ


Digital Magazine Published by Filca Film Society

World Literature & World Cinema Part-VIII

# ഗുസ്താവ് ഫ്ളൂബേ: ആധുനിക റിയലിസ്റ്റിക് നോവലിന്റെ ശില്പി



ലീലാമ്മ തോമസ്
(ഫിൽക്ക)



സാഹിത്യചരിത്രത്തിൽ ചില എഴുത്തുകാർ കഥകൾ മാത്രം എഴുതുന്നു. ചിലർ ഭാഷയെ മെരുക്കുന്നു. അപൂർവമായി ചിലർ സാഹിത്യരൂപത്തിന്റെ തന്നെ ഘടന തന്നെ.ഗുസ്താവ് ഫ്ളൂബേ (1821-1880) അവസാനത്തേതായ ആ വർഗ്ഗത്തിൽ ഉൾപ്പെടുന്ന ഫ്രഞ്ച് എഴുത്തുകാരനാണ്.

നോവലിനെ വികാരപ്രകടനത്തിന്റെ വേദിയിൽ നിന്ന്, ശാസ്ത്രീയമായ കൃത്യതയും കലാസാങ്കേതിക ശില്പവുമുള്ള ആധുനിക സാഹിത്യരൂപമായി ഉയർത്തിയതാണ് അദ്ദേഹത്തിന്റെ ചരിത്ര പ്രാധാന്യം.

19-ാം നൂറ്റാണ്ടിലെ ഫ്രാൻസും സാഹിത്യ പരിവർത്തനവും തമ്മിൽ അഭേദ്യബന്ധമുണ്ട്. 19-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതി വരെ ഫ്രഞ്ച് ചിത്രകലയിലും സാഹിത്യത്തിലും കാല്പനികത (റൊമാന്റിസിസം) ശക്തമായ സ്വാധീനം ചെലുത്തിയിരുന്നു.

അമിതവികാരം,സ്വപ്നാത്മകത,വ്യക്തികേന്ദ്രിത അനുഭവങ്ങൾ, അമാനുഷികത, ഭാവനാത്മക വീരന്മാർ , സമൂഹത്തിലെ ഏറ്റവും ഉയർന്ന തട്ടിലുള്ളവരുടെ ജീവിത വർണ്ണന തുടങ്ങിയവയായിരുന്നു റൊമാന്റിസിസത്തിന്റെ മുഖ്യ സവിശേഷതകൾ.

എന്നാൽ, വ്യവസായവൽക്കരണവും നഗരവൽക്കരണവും മധ്യവർഗ്ഗത്തിന്റെ വളർച്ചയും കാൽപ്പനിക സൗന്ദര്യബോധത്തെ ചോദ്യം ചെയ്യാൻ തുടങ്ങി. സമൂഹത്തിന്റെ പൊതുയാഥാർത്ഥ്യങ്ങൾ കണ്ടെത്താനും അവയിലെ മനുഷ്യാവസ്ഥയെ തിരിച്ചറിയാനും പൊതുസത്യത്തിന്റെ വൈരുദ്ധ്യവും വേദനയും ത്യാഗവും സൗന്ദര്യാത്മകതയും കലയിൽ പ്രകാശിപ്പിക്കാനും ആരംഭിച്ചു. ഇവിടെയാണ് റിയലിസം എന്ന പുതിയ കലാബോധം ഉദയം ചെയ്യുന്നത് ഫ്രഞ്ച് നിരൂപകനായ ഷാംമ്പ് ഫ്ളൂറി ആണ് 1850 കളിൽ റിയലിസം എന്ന പദം ആദ്യമായി ഉപയോഗിച്ചത്.

ഫ്രഞ്ച് ചിത്രകലയിൽ , Manet, Monet, Gustave Courbet പോലുള്ള ചിത്രകാരന്മാർ ദൈവങ്ങളും രാജാക്കളും അല്ല, സാധാരണ മനുഷ്യരുടെ ദൈനംദിന ജീവിതമാണ്

കലയുടെ വിഷയമാക്കിയത്.വ്യക്തമായ അലങ്കാരമില്ലാതെ,വീരതയുടെ മഹത്വവൽക്കരണമില്ലാതെ, ജീവിതത്തെ അതിന്റെ കഠിനതയോടെയും വിരസതയോടെയും പ്രത്യക്ഷപ്പെടുത്തുക - ഇതായിരുന്നു റിയലിസത്തിന്റെ സൗന്ദര്യ ദർശനം.ഇതേ സമീപനമാണ് ഫ്രഞ്ച് സാഹിത്യത്തിൽ ഗുസ്താവ് ഫ്ളൂബേയും സ്വീകരിച്ചത്.

റൊമാന്റിസിസം "ജീവിതം എങ്ങനെ ആയിരിക്കണം"എന്ന് ചിന്തിച്ചപ്പോൾ, റിയലിസം ‘‘ജീവിതം യഥാർത്ഥത്തിൽ എങ്ങനെയാണ്" എന്ന് ചോദിച്ചു.

1821 ഡിസംബർ 12-ന് Rouen നഗരത്തിൽ ജനിച്ച ഫ്ളൂബേ ഒരു സർജന്റെ മകനായിരുന്നു.ആശുപത്രിയോട് ചേർന്ന ബാല്യം വേദനയും മരണവും മനുഷ്യശരീരത്തിന്റെ നിസ്സഹായതയും അദ്ദേഹത്തിന് ചെറുപ്പത്തിലേ കാണിച്ചുകൊടുത്തു. അച്ഛൻ ശരീരത്തെ dissect ചെയ്തതുപോലെ ഫ്ളൂബേ മനുഷ്യ മനസ്സിനെ dissect ചെയ്യുന്ന എഴുത്തുകാരനായി.

നിയമപഠനം ഉപേക്ഷിച്ച് സാഹിത്യത്തിനായി ജീവിതം സമർപ്പിച്ച അദ്ദേഹം പാരീസിലെ സാഹിത്യവൃത്തികളിൽ നിന്ന് അകന്ന് Croisset എന്ന ഗ്രാമത്തിലെ സ്വമേധയാ തെരഞ്ഞെടുത്ത ഏകാന്തതയെ തന്റെ രചനാലോകമാക്കി. 1857-ൽ പ്രസിദ്ധീകരിച്ച ‘‘Madame Bovary‘ആധുനിക റിയലിസ്റ്റിക് നോവലിന്റെ തുടക്കക്കല്ലായി കണക്കാക്കപ്പെടുന്നു.

എമ്മ ബോവറി ഒരു വ്യക്തിയല്ല. അവൾ മധ്യവർഗ്ഗ സമൂഹത്തിന്റെ അടക്കിവെച്ച ആഗ്രഹങ്ങളുടെ, വ്യക്തിത്വ സ്വപ്നങ്ങളുടെ പ്രതീകമാണ്. ഫ്യൂഡൽ - കൊളോണിയൽ - സാമ്രാജ്യത്വ സമൂഹത്തിലെ




കുടുംബ സങ്കല്പത്തിൽ സ്വതന്ത്രയല്ലാത്ത സ്ത്രീയുടെ വികാര സ്ഫോടനമായിരുന്നു എമ്മ. ഇന്നും ഫ്രഞ്ച് വനിതകൾ ഏറെയും സൂക്ഷിക്കുന്ന നിലപാട് എമ്മയുടേതാണ് . തങ്ങൾ എമ്മമാരാണ് എന്ന് പറയുവാൻ മടിയുള്ളവരല്ല.

സ്വപ്നലോകവും യാഥാർത്ഥ്യവും ഏറ്റുമുട്ടുമ്പോൾ ഉണ്ടാകുന്ന തകർച്ചയാണ് നോവലിന്റെ കാതൽ. പിൽക്കാലത്ത് ടോൾസ്റ്റോയി എഴുതിയ റഷ്യൻ നോവലിലെ അന്ന കരെനീനയുടെ തുടക്കം എമ്മ ബോവറിയിൽ നിന്നാണെന്ന് നിരൂപിക്കാം.

**Madame Bovary** പ്രസിദ്ധീകരിച്ച ഉടൻ "അശ്ലീലത" എന്ന കുറ്റം ചുമത്തി ഫ്ളൂബേയെ കോടതിയിൽ വിചാരണ ചെയ്തു. എന്നാൽ ഈ വിചാരണ ഒരു നോവലിനെതിരെയുള്ള വിധിയല്ല, മറിച്ച് സ്ത്രീയും സമൂഹവും തമ്മിലുള്ള പുനർ വ്യാഖ്യാനത്തിന് എതിരെയുള്ളതായിരുന്നു. സാഹിത്യ സ്വാതന്ത്ര്യത്തിനായുള്ള ചരിത്ര പരമായ പോരാട്ടമായും ഈ വിചാരണ മാറി. അവസാനം സാഹിത്യം വിജയിച്ചു.

**Salammbo**(1862) :
ചരിത്രവും കൽപ്പനയുംകലാപരമായി ലയിപ്പിച്ച കൃതി.

**Sentimental Education** (1869):
ഒരു തലമുറയുടെ രാഷ്ട്രീയ പ്രണയ സാമൂഹിക വൈകല്യങ്ങളുടെ ചരിത്രരേഖ.


**Three Tales** (1877):
ലളിതമായ ഭാഷയിൽ മനുഷ്യജീവിതത്തിലെ ആഴമേറിയ വേദനകൾ അവതരിപ്പിക്കുന്ന കഥകൾ.

**"Le Mot Juste"** :
ഫ്ളൂബേയുടെ എഴുത്തുതത്വമാണ്. ഫ്ളൂബേ യുടെ എഴുത്തിന്റെ ആത്മാവാണ് 'le mot juste' . ശരിയായ വാക്ക്, ശരിയായ സ്ഥലത്ത്, ശരിയായ താളത്തിൽ.

ഒരു പാരഗ്രാഫ് പൂർണമാക്കാൻ ദിവസങ്ങളോളം ശബ്ദം ഉയർത്തി വായിച്ച് തിരുത്തുന്ന അസാധാരണ ശാസനാശീലമുള്ള എഴുത്തുകാരനായിരുന്നു ഗുസ്താവ് ഫ്ളൂബേ. Impersonal narration എന്ന രീതി അദ്ദേഹം അവലംബിച്ചു. രചനയിൽ എഴുത്തുകാരൻ അദൃശ്യനായി നിൽക്കുന്നു. വ്യക്തിപരമായ അഭിപ്രായങ്ങൾ അർത്ഥഗർഭമാക്കുന്നു. സൂക്ഷ്മമായ വിധി വൈരുദ്ധ്യം. വികാരരഹിതമായ നിരീക്ഷണം.

"An author should be like God in the Universe - present everywhere, visible nowhere." എന്നതാണ് ഫ്ളൂബേയുടെ വിശ്വാസം.

ഫ്ളൂബേ തുറന്നു കാണിച്ച സാമൂഹിക വിമർശനങ്ങളാണ് ബുർഷ്വാസിയുടെ, മധ്യവർഗ്ഗത്തിന്റെ , നൈതിക കപട്യമാണ്. വിവാഹത്തിന്റെ യാന്ത്രികത. സ്ത്രീയുടെ




സ്വപ്നങ്ങൾക്ക് ഇടമില്ലാത്ത സമൂഹം. മതവും സാമൂഹികമാന്യതയും തമ്മിലുള്ള വ്യാജബന്ധം.അലങ്കാരമില്ലാത്ത നിസ്സംഗമായ ഭാഷയിലാണ് ഈ ക്രൂരസത്യങ്ങൾ അദ്ദേഹം പറഞ്ഞത്.

ഫ്ളൂബേ നോവലിനെ വികാരപ്രകടനത്തിൽ നിന്ന്, ശാസ്ത്രീയ കലാശില്പമായി മാറ്റിയെഴുതി. അദ്ദേഹത്തിന്റെ സ്വാധീനം, എമിലി സോള , ഹെൻറി ജെയിംസ്, മാർസൽ പ്രൂസ്റ്റ് , ജെയിംസ് ജോയ്സ് എന്നിവരിൽ പ്രകടമാണ്.

ഗുസ്താവ് ഫ്ലൂബേ വായനക്കാരനെ ആശ്വസിപ്പിക്കുന്നില്ല. അദ്ദേഹം അവരെ അസ്വസ്ഥരാക്കുന്നു. ആ അസ്വസ്ഥതയിലൂടെയാണ് സാഹിത്യം മനുഷ്യനെ സത്യം സഹിക്കാൻ പഠിപ്പിക്കുന്നത്. അതുകൊണ്ടാണ് ഫ്ലൂബേ കാലാതീതനായ എഴുത്തുകാരനായി സാഹിത്യ ചരിത്രത്തിൽ നിലകൊള്ളുന്നത്.

February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII

# സോഫി ബാർതേസ് :
## മാഡം ബോവറിയുടെ സംവിധായിക



**സുരേഷ്കുമാർ.സി**
സെക്രട്ടറി ,
(ബീം ഫിലിം സൊസൈറ്റി)



ഫ്രാൻസിൽ ജനിച്ച് അമേരിക്കയിലെ മാൻഹാട്ടണിൽ സ്ഥിരതാമസമാക്കിയ ഫ്രഞ്ച്-അമേരിക്കൻ ചലച്ചിത്രകാരിയാണ് തിരക്കഥാകൃത്തും സംവിധായികയുമായ ശ്രീമതി സോഫി ബാർതേസ്.

മൂന്ന് ഫീച്ചർ സിനിമകളാണ് സോഫി ബാർതേസിന്റേതായി നമുക്ക് ലഭിച്ചിട്ടുള്ളത്. 2007ൽ സൺഡാൻസ് ഫിലിം ഫെസ്റ്റിവലിൽ ശ്രദ്ധേയമായി മാറിയ Happiness എന്ന ഹൃസ്വ ചിത്രത്തോടെയായിരുന്നു തുടക്കം. ഫെസ്റ്റിവലിലെ തിളക്കം, Sundance institute ൽ തിരക്കഥാരചനാ വിഭാഗത്തിൽ സ്ഥാനം നേടാൻ സഹായിച്ചു. അവിടെ വച്ചാണ് തന്റെ ആദ്യ സിനിമയായ COLD SOULS ന്റെ തിരക്കഥാരചന ആരംഭിച്ചത്. താൻ കണ്ട വിചിത്രമായ ഒരു സ്വപ്നത്തിൽ നിന്നാണ് അതിന്റെ കഥാതന്തു രൂപം കൊണ്ടത്.

നവീന സാങ്കേതികവിദ്യാ വിദഗ്ദ്ധനായ ഒരു ഡോക്ടറുടെ ക്ലിനിക്കിലെ രോഗികളിലൊരാളാണ് ബാർതേസ്. കൂട്ടത്തിൽ വിഖ്യാത ചലച്ചിത്രകാരനായ വുഡി അലനുമുണ്ട്. എല്ലാവരുടേയും കൈകളിൽ ഓരോ ചെറിയ പെട്ടിയുമുണ്ട്. ഈ പെട്ടിക്കകത്ത് ഓരോരുത്തരുടേയും അടർത്തിയെടുത്ത ആത്മാവാണെന്നാണ് ഡോക്ടറുടെ സഹായി അവരോട് പറഞ്ഞിരിക്കുന്നത്. തന്റെ box തുറന്നു നോക്കാൻ ശ്രമിക്കുന്നതിനിടെ ബാർതേസ് സ്വപ്നത്തിൽ നിന്നും ഉണർന്നു പോകുന്നു.

അമേരിക്കൻ താരമായ Paul Giamatti യെ വുഡി അലന്റെ സ്ഥാനത്ത് പ്രതിഷ്ഠിച്ചുകൊണ്ടാണ് ബാർതേസ് തന്റെ ആദ്യ സിനിമയുടെ കഥ പറയുന്നത്. ഒരു സയൻസ് ഫിക്ഷൻ കോമഡി വിഭാഗത്തിൽ പെടുന്ന



February Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VIII

ഈ സിനിമ വ്യാപകമായി തന്നെ സ്വീകരിക്കപ്പെട്ടു. പെട്ടിയിലാക്കി കടത്തിക്കൊണ്ടു പോകുന്ന തന്റെ 'ആത്മാവി 'നെ വീണ്ടെടുക്കാനായി പോൾ നടത്തുന്ന ശ്രമങ്ങളും ഒടുവിൽ തിരികെ ലഭിച്ച ആത്മാവുമായി സന്തോഷത്തോടെ ജീവിക്കുന്നതുമാണ് Cold Soul ന്റെ പ്രമേയം.

ഫ്രഞ്ച് നോവലിസ്റ്റായ ഗുസ്താവ് ഫ്ളൂബേ 1856 ൽ രചിച്ച മാഡം ബോവറി എന്ന നോവലാണ് ബാർത്തേസ് തന്റെ രണ്ടാമത്തെ സിനിമക്കായി തെരഞ്ഞെടുത്തത്.

കൗമാരക്കാരിയായ എമ്മ എന്ന പെൺകുട്ടിയുടെ ഏകാന്തത നിറഞ്ഞ ജീവിതത്തിന്റെയും ജീവിത തൃഷ്ണയുടേയും ആസക്തികളുടേയും വിജയഗാഥയാണ് മാഡം ബോവറി എന്ന പരിൽ തന്നെ 2014 ൽ നിർമ്മിച്ച സിനിമ.

മറ്റൊരു സയൻസ് ഫിക്ഷൻ കോമഡിയാണ് മൂന്നാമത്തെ സൃഷ്ടിയായ THE POD GENERATION (2023). ന്യൂയോർക്ക് **സ്വദേ**



ശികളായ റേച്ചൽ - ആൽവി ദമ്പതി കളുടെ, വിരുദ്ധ താൽപര്യങ്ങളാൽ സംഘർഷം നിറഞ്ഞ ജീവിതമാണ് പ്രമേയം. കൃത്രിമ ഗർഭാശയത്തിലൂടെ മാതൃത്വം സമ്മാനിക്കുന്ന ഒരു സംവിധാനത്തിനു മുന്നിൽ ക്യൂവിൽ മുൻപന്തിയിൽ എത്തി നിൽക്കുകയാണ് ടെക്കി മേധാവിയായ






പ്രമേയ സ്വീകരണത്തിലെ പുതുമയും വ്യത്യസ്തതയും കാരണം മൂന്ന് സൃഷ്ടികൾ കൊണ്ട് തന്നെ ശ്രദ്ധേയയായിത്തീർന്ന ചലച്ചിത്രകാരിയാണ് സോഫി ബാർതസ്.

റേച്ചൽ. എന്നാൽ, ഒരു സസ്യശാസ്ത്രജ്ഞനായ ആൽവിയാകട്ടെ സ്വാഭാവിക ഗർഭ ധാരണമാണ് ഇഷ്ടപ്പെടുന്നത്. തർക്കങ്ങൾക്കൊടുവിൽ കൃത്രിമഗർഭാശയം (womb or Pod) സ്വീകരിക്കാൻ തയ്യാറാകുന്നു. സംവിധാനം ചെയ്ത മൂന്നു സിനിമകളുടെയും തിരക്കഥ ബാർതേസ് തന്നെയാണ് രചിച്ചിട്ടുള്ളത്.

മൂന്ന് സിനിമകളുടെയും ഛായാഗ്രഹണം നിർവ്വഹിച്ചിരിക്കുന്നത് ബാർതേസിന്റെ ഭർത്താവായ ആന്ദ്രിജ് പരേഖുമാണ്.






February Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Part-VIII

filca

**Film Vision Monthly February 2026.Rs 2/-RNI-KER/BIL/2002/8043**

**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർക്കോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150




13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ചാലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
വതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com
Shop Online

CHIEF EDITOR* : Dr. B. RADHAKRISHNAN . ASSOCIATE EDITORS* : RAJAMBIKA.S.S.
Dr. LALITHA GOURI , SUB EDITORS* : JYOTHISHKUMAR.P.S. ,
DESIGN*: SHAJI CAD ., CIRCULATION*: VINODKUMAR. P.
EDITOR AND PUBLISHER*: Dr. SABU SANKAR ,
GENERAL SECRETARY, FILCA FILM SOCIETY, PB 2224, TRIVANDRUM -695010.
Phone: 80890 36090. Email: filcakerala@gmail.com